2023
APRIL
13
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഗൾഫിൽ കണിയൊരുക്കാൻ കടൽ കടന്ന് കൊന്നപ്പൂവും കണിവെള്ളരിയും

**കരിപ്പൂർ:** ഗൾഫ് നാടുകളിൽ വിഷുക്കണിയൊരുക്കാൻ കേരളത്തിലെ കൊന്നപ്പൂവും കണിവെള്ളരിയും കടൽ കടന്നു. പഴം, പച്ചക്കറി കയറ്റുമതിയിൽ ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കാറാണു പതിവെങ്കിലും ഇത്തവണത്തെ ഗൾഫിലെ വിഷു വിപണിയുടെ ഏറിയ പങ്കും മലപ്പുറത്തെ കർഷകർ ആഘോഷമാക്കി.

കഴിഞ്ഞ 2 ദിവസങ്ങളിലായി കരിപ്പൂർ വഴി കയറ്റിപ്പോയ രണ്ടര ടൺ കണിവെള്ളരി മലപ്പുറം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ കൃഷി ചെയ്തതാണ്. 2 ടൺ കൊന്നപ്പൂവ് കൂടുതലും വിമാനത്താവള പരിസര പ്രദേശങ്ങളായ കരിപ്പൂർ, കൊണ്ടോട്ടി, മുണ്ടക്കുളം, നീറാട് തുടങ്ങിയ പ്രദേശങ്ങളിൽനിന്നാണു ശേഖരിച്ചത്. കണിവെള്ളരി കൂടുതലും വാഴക്കാട്, വേങ്ങര തുടങ്ങിയ പ്രദേശങ്ങളിൽനിന്നായിരുന്നു. കോഴിക്കോട് ജില്ലയിലെ ചില പ്രദേശങ്ങളിൽനിന്നും കണിവെള്ളരിയെത്തി.

ഇതിനു പുറമേ, മാങ്ങ, ഇടിച്ചക്ക, ഞാലിപ്പൂവൻ തുടങ്ങിയവയും കയറ്റുമതി ചെയ്തു. വിഷു വിപണി ലക്ഷ്യമിട്ടു കൃഷി ചെയ്ത പ്രാദേശിക കർഷകരാണ് വിദേശ കയറ്റുമതി സാധ്യതകൾ പ്രയോജനപ്പെടുത്തിയത്.

ബഹ്റൈൻ, മസ്കത്ത്, ദുബായ്, അബുദാബി, ദോഹ, ഷാർജ, ജിദ്ദ, കുവൈത്ത് തുടങ്ങി വിവിധ ഗൾഫ് നാടുകളിലേക്കാണു കയറ്റുമതി. അടുത്ത ദിവസങ്ങളിൽ വിഷു കയറ്റുമതി കൂടുമെന്നാണു പ്രതീക്ഷയെന്നു കരിപ്പൂരിലെ കെഎൻപി എക്സ്പോർട്ടേഴ്സ് ഉടമ കാരി സുഫിയാൻ പറഞ്ഞു.

## എംആർഎഫ് രണ്ടാം സ്ഥാനത്ത്

**ചെന്നൈ:** ലോകത്തെ ഏറ്റവും ശക്തമായ രണ്ടാമത്തെ ടയർ ബ്രാൻഡ് എന്ന നേട്ടത്തിനൊപ്പം ഇന്ത്യയിലെ ഏറ്റവും മികച്ച ടയർ ബ്രാൻഡ് എന്ന നേട്ടവും കരസ്ഥമാക്കി എംആർഎഫ്. ബ്രാൻഡുകളുടെ അവലോകനം നടത്തുന്ന പ്രധാന രാജ്യാന്തര ഏജൻസിയായ ബ്രാൻഡ് ഫിനാൻസിന്റെ 2023ലെ വാർഷിക റിപ്പോർട്ടിലാണ് ഏറ്റവും വേഗം വളരുന്ന രണ്ടാമത്തെ ബ്രാൻഡായും എംആർഎഫിനെ തിരഞ്ഞെടുത്തത്. രാജ്യാന്തര റേറ്റിങ്ങിൽ ആദ്യ 10 സ്ഥാനങ്ങളിലെത്തിയ ഏക ഇന്ത്യൻ സ്ഥാപനവുമാണ്.

എല്ലാ മാനദണ്ഡങ്ങളിലും മുന്നിലെത്തിയ എംആർഎഫിന് 100ൽ 83.2 പോയിന്റുകളോടെ എഎഎ റേറ്റിങ്ങും ലഭിച്ചു. ഫ്രാൻസിലെ പ്രശസ്തമായ മിഷ്‌ലാൻ ആണ് ഒന്നാമത്. വരുമാനം, നിക്ഷേപം, ഓഹരി മൂല്യം, മൊത്തം പ്രകടനം തുടങ്ങിയവ കണക്കിലെടുത്താണ് മികച്ച ബ്രാൻഡുകളെ കണ്ടെത്തുന്നത്.

## വിപണിയിൽ കുതിപ്പ്
# നിക്ഷേപകർക്ക് നേട്ടം 12.56 ലക്ഷം കോടി

**ന്യൂഡൽഹി:** ഏഴു ദിവസം ഓഹരി വിപണികൾ മുന്നേറിയപ്പോൾ നിക്ഷേപകർക്ക് ലഭിച്ച അധിക വരുമാനം 12.56 ലക്ഷം കോടി രൂപ. ആഗോള തലത്തിലെ വിപണി സ്ഥിരതയും വിദേശ നിക്ഷേപങ്ങൾ തുടരെ ലഭിച്ചതുമാണ് വിപണിക്ക് ശക്തി നൽകിയത്.



7 ദിവസം കൊണ്ട് മുംബൈ ഓഹരി സൂചിക (ബിഎസ്ഇ സെൻസെക്സ്) കുതിച്ചത് 2,544 പോയിന്റ് (4.41%). ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളുടെ ആകെ ഓഹരി മൂല്യം 12,56 ലക്ഷം കോടി വർധിച്ച് 2.64 കോടി കോടി രൂപയായി. ഇന്നലെ ബിഎസ്ഇ സെൻസെക്സ് 311.21 പോയിന്റ് ഉയർന്ന് 60,157.72ൽ ക്ലോസ് ചെയ്തു. ദേശീയ ഓഹരി സൂചിക നിഫ്റ്റി 98.25 പോയിന്റ് ഉയർന്ന് 17,722.30ൽ ക്ലോസ് ചെയ്തു.

സെൻസെക്സിൽ കോട്ടക് മഹീന്ദ്ര ബാങ്ക്, ടാറ്റ സ്റ്റീൽ, ഐടിസി, ഐസിഐസിഐ ബാങ്ക്, ബജാജ് ഫിൻസെർവ്, മാരുതി, മഹീന്ദ്ര, എസ്ബിഐ എന്നിവയാണ് മികച്ച നേട്ടം കൊയ്ത ഓഹരികൾ.

എന്നാൽ ടിസിഎസ്, ഇൻഫോസിസ്, എച്ച്സിഎൽ ടെക്നോളജീസ്, ടെക് മഹീന്ദ്ര, ഏഷ്യൻ പെയിന്റ്സ്, വിപ്രോ, ടാറ്റ മോട്ടോഴ്സ് എന്നിവയ്ക്ക് നഷ്ടത്തിലായിരുന്നു ക്ലോസിങ്.

## കമ്പനികളിൽ വനിത സ്വതന്ത്ര ഡയറക്ടർമാരുടെ എണ്ണം കൂടി

**ന്യൂഡൽഹി:** ഇന്ത്യയിലെ 100 മുൻനിര ലിസ്റ്റഡ് കമ്പനികളിൽ ഒന്നിലേറെ വനിതാ ഇൻഡിപെൻഡന്റ് ഡയറക്ടർമാരുള്ള കമ്പനികളുടെ എണ്ണത്തിൽ വർധന. 2018 ,9 സാമ്പത്തിക വർഷം 20 കമ്പനികളായിരുന്നത് 2021, 22ൽ 36 ആയി ഉയർന്നു. ഓഹരി വിപണി നിയന്ത്രണ ഏജൻസിയായ സെബിയുടെ മുൻ ചെയർമാൻ എം.ദാമോദരന്റെ നേതൃത്വത്തിൽ നടത്തിയ എക്സലൻസ് ഇനേബ്ലേഴ്സ് സർവേയിലാണ് വിവരങ്ങളുള്ളത്.

ഒരു വനിതാ ഇൻഡിപെൻഡന്റ് ഡയറക്ടർ എങ്കിലും നിർബന്ധമായും വേണമെന്ന വ്യവസ്ഥ 2019ലാണ് നിലവിൽ വന്നത്.

## പിണറായി ഉൾപ്പെടെ 29 മുഖ്യമന്ത്രിമാർ കോടിപതികൾ

**ന്യൂഡൽഹി:** സമ്പത്തിന്റെ കാര്യമെടുത്താൽ മുഖ്യൻ ആന്ധ്രപ്രദേശ് മുഖ്യമന്ത്രി ജഗൻമോഹൻ റെഡ്ഡി ആണ്. 510 കോടിയുമായി മുഖ്യമന്ത്രിമാരുടെ ആസ്തി പട്ടികയിൽ ജഗൻ ഒന്നാം സ്ഥാനത്താണ്. വെറും 15 ലക്ഷം രൂപ മാത്രം സ്വന്തമായുള്ള മമത ബാനർജിയാണ് ഈ പട്ടികയിൽ ഏറ്റവും പിന്നിൽ. കേരള മുഖ്യമന്ത്രി പിണറായി വിജയന്റെ ആസ്തി 1.18 കോടി രൂപ . രാജ്യത്തെ 30 മുഖ്യമന്ത്രിമാരിൽ മമത ഒഴികെ 29 പേരും കോടിപതികളാണെന്നും അസോസിയേഷൻ ഓഫ് ഡെമോക്രാറ്റിക് റിഫോംസ് (എഡിആർ) പുറത്തുവിട്ട പട്ടിക വ്യക്തമാക്കുന്നു.

## സാഹസിക വിനോദ സംരംഭങ്ങൾക്ക് തദ്ദേശ വകുപ്പിന്റെ എൻഒസി വേണ്ട

**തിരുവനന്തപുരം:** സംസ്ഥാനത്ത് സാഹസിക വിനോദ സംരംഭങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശ ഭരണ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം (എൻഒസി) വേണമെന്ന നിബന്ധന ഒഴിവാക്കി. ഇത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് അപേക്ഷ നൽകുമ്പോൾ വിവിധ കാരണങ്ങൾ പറഞ്ഞ് തദ്ദേശ സ്ഥാപനങ്ങൾ എൻഒസി നിരസിക്കുന്നത് പതിവായതോടെയാണ് നിബന്ധന ഒഴിവാക്കാൻ ടൂറിസം വകുപ്പ് തീരുമാനിച്ചത്. സംസ്ഥാനത്തു പ്രവർത്തിക്കുന്ന എല്ലാ സാഹസിക വിനോദ സംരംഭങ്ങളും കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയിൽ (കെഎടിപിസി) റജിസ്റ്റർ ചെയ്യണമെന്നും നിർദേശം നൽകി.

കേരള പഞ്ചായത്ത് രാജ്, നഗരസഭാ നിയമങ്ങളിൽ സാഹസിക ടൂറിസം സംബന്ധിച്ച സംരംഭങ്ങൾക്ക് എൻഒസി നൽകുന്നതിനെക്കുറിച്ച് പരാമർശമില്ല. ഈ കാരണം ചൂണ്ടിക്കാട്ടിയാണ് പല തദ്ദേശ സ്ഥാപനങ്ങളുംഎൻഒസി വൈകിപ്പിക്കുന്നതെന്ന് ടൂറിസം വകുപ്പ് കണ്ടെത്തി. ഈ നിയമങ്ങളിൽ പരാമർശിക്കാത്ത എൻഒസി വ്യവസ്ഥ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ടൂറിസം ഡയറക്ടർ നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിലാണ് സർക്കാർ ഉത്തരവിറക്കിയത്.

കേരള അഡ്വഞ്ചർ ആൻഡ് ആക്ടിവിറ്റി ബേസ്ഡ് ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി ഗൈഡ്‌ലൈൻസ്, കേരള അഡ്വഞ്ചർ ആൻഡ് ആക്ടിവിറ്റി ബേസ്ഡ് ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി ഗൈഡ്‌ലൈൻസ് ക്യാംപിങ് എന്നിവയുടെ മാർഗനിർദേശങ്ങളിൽ നിന്നാണ് തദ്ദേശ ഭരണ വകുപ്പിന്റെ എൻഒസി സമർപ്പിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നത്.

റജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സാഹസിക വിനോദ സഞ്ചാര സ്ഥാപനങ്ങളുടെ പ്രവർത്തനം വിലക്കും. സംസ്ഥാനത്ത് കര, വായു, ജലം എന്നിവയുമായി ബന്ധപ്പെട്ട 32 സാഹസിക വിനോദ സഞ്ചാര ആക്ടിവിറ്റികളാണ് നിലവിലുള്ളത്. ഏകദേശം 50 സ്ഥാപനങ്ങളാണ് റജിസ്റ്റർ ചെയ്തിട്ടുള്ളത്.






## മലയോര ഹൈവേ നിർമാണം: ഗതാഗതക്കുരുക്ക് രൂക്ഷം

**പത്തനാപുരം:** മലയോര ഹൈവേ നിർമാണം ടൗണിലേക്കു പ്രവേശിച്ചു, പകലും രാത്രിയിലും ഗതാഗതക്കുരുക്ക്, പകൽ വൈദ്യുതിയില്ല, ശുദ്ധജലവും. പുനലൂർമുതൽ കോന്നി വരെയുള്ള റീച്ചിൽ മറ്റിടങ്ങളിലെ നവീകരണം 90 ശതമാനത്തിനും മുകളിലെത്തിയതോടെയാണു പത്തനാപുരം ടൗണിലേക്കു മെറ്റലിങ് പ്രവർത്തനങ്ങൾ തുടങ്ങിയത്. നെടുംപറമ്പ്, ആശുപത്രി ജംക്ഷൻ ഭാഗത്താണു മെറ്റലിങ് തുടങ്ങിയത്. ഇതിന്റെ ഭാഗമായി വൈദ്യുതി തൂണുകൾ മാറ്റുന്ന ജോലികളും പുരോഗമിക്കുകയാണ്.

വൈദ്യുതി തൂൺ മാറ്റുന്നതിന്റെ ഭാഗമായി ഇന്നലെ മുതൽ പകൽ സമയത്തെ വൈദ്യുതി ഓരോ ഫീഡറുകളിലായി ഓഫ് ചെയ്യുമെന്ന് അധികൃതർ അറിയിച്ചു. രാവിലെ 8 മുതൽ വൈകിട്ട് അഞ്ചു വരെയാണ് ഓഫ് ചെയ്യുക. ഇതോടൊപ്പം പൈപ്പ് മാറ്റിയിടലും നടത്തും. ഇതിനാൽ പലയിടത്തേക്കും ശുദ്ധജല വിതരണവും തടസ്സപ്പെടും. നവീകരണ പ്രവർത്തനങ്ങൾ തുടങ്ങിയതോടെ ടൗണിൽ ഗതാഗതക്കുരുക്ക് രൂക്ഷമാണ്.

രാത്രിയും പകലും തിരക്കാണ്. വാഹനങ്ങൾ വഴി തിരിച്ചു വിടാൻ പൊലീസോ, മറ്റ് അധികൃതരോ ശ്രമിക്കാത്തതു മൂലം മണിക്കൂറുകളാണ് ടൗൺ കുരുക്കിലാകുന്നത്. വൺവേ പാതയിലൂടെയോ, മറ്റു ഗ്രാമീണ പാതകളിലൂടെയോ ഗതാഗതം വഴി തിരിച്ചു വിടണമെന്നാണു നാട്ടുകാരുടെ ആവശ്യം.



മഹാ അഷ്ട ലക്ഷ്മി യാഗത്തിന്റെ സ്വാഗത സംഘം ഓഫീസിന്റെ ഉദ്ഘാടനം തൃപ്പൂണിത്തുറ നഗരസഭ പ്രതിപക്ഷ നേതാവ് പി.കെ പീതാംബരൻ യാഗം പത്രിക നൽകി നിർവ്വഹിക്കുന്നു. മോഹനൻ പനയ്ക്കൽ, ആർ.ആർ നായർ, തിരുവഞ്ചൂർ വിപിനചന്ദ്രൻ, എൻ.വി ബൈജു,പനങ്ങാട് കൃഷ്ണജ്യോതി ഇ.വി കൃഷ്ണമണി,പുതിയ കാവ് ദേവീക്ഷേത്രം പ്രസിഡന്റ് അനിൽകുമാർ പുത്തൻപുരിയിൽ, ഫാക്ട് സുരേഷ് തൃപ്പൂണിത്തുറ തുടങ്ങിയവർ സമീപം.

### മഹാ അഷ്ട ലക്ഷ്മി യാഗം

# നിധി സമർപ്പണത്തിനും സൽസംഗത്തിനും തുടക്കമായി

കൊച്ചി :മഹാ അഷ്ട ലക്ഷ്മി യാഗത്തിന്റെ നിധി സമർപ്പണത്തിനും സൽസംഗ പ്രവർത്തനങ്ങൾക്കും തുടക്കമായി.എറണാകുളം തൃപ്പൂണിത്തുറ പുതിയകാവ് ദേവീക്ഷേത്ര മൈതാനയിൽ നടന്ന ചടങ്ങിൽ ക്ഷേത്രം ശാന്തി ബ്രഹ്മശ്രീ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ സാന്നിധ്യത്തിൽ തന്ത്രിമുഖ്യൻ പുലിയന്നൂർ ശശിനമ്പൂതിരിപ്പാട് ഭദ്രദീപം കൊളുത്തി സൽസംഗം ഉദ്ഘാടനം ചെയ്തു.

തുടർന്ന് നടന്ന സമ്മേളനവും സ്വാഗത സംഘം ഓഫിസും തൃപ്പൂണിത്തുറ നഗരസഭ പ്രതിപക്ഷ നേതാവ് പി.കെ പീതാംബരൻ ഉദ്ഘാടനം ചെയ്തു. അഷ്ടലക്ഷ്മി മഹായാഗം ജനറൽ കൺവീനർ മോഹനൻ പനയ്ക്കൽ അധ്യക്ഷത വഹിച്ചു. പനങ്ങാട് കൃഷ്ണജ്യോതി ഇ.വി കൃഷ്ണമണി അനുഗ്രഹ പ്രഭാഷണം നടത്തി. മാഹായാഗത്തിന്റെ നിധി സമർപ്പണം ഉദ്ഘാടനം ആർ.ആർ നായർ നിധി നൽകിക്കൊണ്ട് നിർവ്വഹിച്ചു.

യാഗം കോർഡിനേറ്റർ തിരുവഞ്ചൂർ വിപിനചന്ദ്രൻ, പുതിയ കാവ് ദേവീക്ഷേത്രം പ്രസിഡന്റ് അനിൽകുമാർ പുത്തൻപുരിയിൽ, ഫാക്ട് സുരേഷ് തൃപ്പൂണിത്തുറ, എൻ.വി ബൈജു തുടങ്ങിയവർ സംസാരിച്ചു. മഹാ അഷ്ട ലക്ഷ്മി യാഗത്തിനു മുന്നോടിയായി തൃപ്പൂണിത്തുറ ക്ഷേത്ര നഗരിയിൽ വീടുകളും ക്ഷേത്രങ്ങളും കേന്ദ്രീകരിച്ച് 101 സൽസംഗങ്ങൾ നടത്താനാണ് യാഗസമിതി നിശ്ചയിച്ചിരിക്കുന്നതെന്ന് ജനറൽ കൺവീനർ മോഹനൻ പനയ്ക്കൽ പറഞ്ഞു. കർമ്മ പബ്ലിക്ക് ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ ജൂൺ 24 മുതൽ ജൂലൈ മൂന്നുവരെയാണ് തൃപ്പൂണിത്തുറ പുതിയ കാവ് ദേവീക്ഷേത്ര മൈതാനിയിൽ മഹാഅഷ്ടലക്ഷ്മിയാഗം നടക്കുന്നത്. തിരുവനന്തപുരം ശ്രീഅനന്ത പത്മനാഭ സ്വാമി ക്ഷേത്രത്തിലെ പുഷ്പാഞ്ജലിസ്വാമിയാരുടെ (ശ്രീശങ്കര പരമേശ്വര ബ്രഹ്മാനന്ദതീർഥ) അനുഗ്രഹത്തോടെ ബ്രഹ്മശ്രീ ഈക്കാട്ട് നാരായണൻ നമ്പൂതിരിപ്പാട്,വൈദീകൻ ബ്രഹ്മശ്രീ ചെറുമുക്ക് വല്ലഭൻ അക്കിത്തിരിപ്പാട്,തന്ത്രി ബ്രഹ്മശ്രീ.ഡോ.ഈക്കാട്ട് വികാസ് നീലകണ്ഠൻ നമ്പൂതിരിപ്പാട് എന്നിവരാണ് യാഗത്തിന് മുഖ്യകാർമ്മികത്വം വഹിക്കുന്നത്.

# തുരങ്കനിർമാണം: ഉപകരാറെടുത്ത കമ്പനി കൊണ്ടുപോയത് മൂന്നിരട്ടി മൂല്യമുള്ള സാധനങ്ങൾ

**കുതിരാൻ:** തുരങ്ക നിർമാണം ഏറ്റെടുത്തിരുന്ന പ്രധാന കമ്പനിയിൽ നിന്ന് ഉപകരാറെടുത്ത കമ്പനി തുരങ്കത്തിനു മുന്നിൽ കൂട്ടിയിട്ടിരുന്ന യന്ത്ര സാമഗ്രികളും ഇരുമ്പും കൊണ്ടുപോയതിനെതിരെ പരാതി. ലഭിക്കാനുള്ള തുകയുടെ മൂന്നിരട്ടിയോളം മൂല്യമുള്ള വസ്തുക്കളാണ് കുതിരാനു സമീപത്തുനിന്നു കൊണ്ടുപോയതെന്നാണു പരാതി. പ്രഗതി എൻജിനീയറിങ് ആൻഡ് റെയിൽ പ്രോജക്ട് ലിമിറ്റഡിൽ നിന്ന് ഉപകരാറെടുത്ത പാലക്കാട് സ്വദേശിയായ കരാറുകാരനാണു ആക്രി ഉൾപ്പെടെ കൊണ്ടുപോയത്.

ഇതിനെതിരെ ദേശീയപാത കരാർ കമ്പനി പൊലീസിനു പരാതി നൽകും. തുരങ്ക നിർമാണത്തിന്റെ ആദ്യഘട്ടത്തിൽ കംപ്രസർ, ജനറേറ്റർ എന്നിവയുടെ വാടകയിനത്തിൽ ലക്ഷങ്ങൾ കിട്ടാനുണ്ടെന്നും അടിയന്തരമായി അത് അനുവദിക്കണമെന്നും ഉപകരാർ കമ്പനി ആവശ്യപ്പെട്ടതിനെത്തുടർന്ന് പ്രഗതി ഇതെല്ലാം കൊണ്ടുപോകാൻ അനുമതിക്കത്തു നൽകിയിരുന്നു. ഈ കത്തുമായി ഉപകരാർ കമ്പനി ഹൈക്കോടതിയെ സമീപിച്ചു. ലഭിക്കേണ്ട തുകയ്ക്കുള്ള സാമഗ്രികൾ കൊണ്ടുപോകാമെന്നു കോടതി വാക്കാൽ നിർദേശിച്ചിരുന്നു.



ഇതിന്റെ മറവിലാണ് കൂടുതൽ സാധനങ്ങൾ കൊണ്ടുപോയത്. 11 ലക്ഷം രൂപയുടെ കുടിശികയുള്ളതായാണ് ഉപകരാർ കമ്പനിയുടെ വാദം. എന്നാൽ പ്രഗതി ഗ്രൂപ്പ് പ്രദേശവാസികളായ തൊഴിലാളികൾക്കും വാഹനങ്ങളുടെ വാടക ഇനത്തിലും വീടിന്റെ വാടകയിനത്തിലും അഞ്ചരക്കോടി രൂപ നൽകാനുണ്ട്. ഇതു സംബന്ധിച്ചു തർക്കം ഉണ്ടായപ്പോൾ ഉപകരണങ്ങൾ മുഴുവൻ കുതിരാനിൽ സൂക്ഷിക്കുമെന്നും കുടിശിക തീർത്തുക നൽകിയതിനുശേഷമേ അവ കൊണ്ടുപോകൂ എന്നുമായിരുന്നു അന്നത്തെ നിലപാട്.

പ്രഗതി കമ്പനിയും ഉപകരാർ കമ്പനിയും ഒത്തുകളിച്ചു സാധനങ്ങൾ കൊണ്ടുപോകാനുള്ള ശ്രമമാണെന്ന് നാട്ടുകാർ ആരോപിച്ചു. നിർമാണം ശാസ്ത്രീയമായി പൂർത്തിയാക്കാത്തതിനെത്തുടർന്ന് നിർമാണത്തിൽ നിന്നു പ്രഗതി കമ്പനിയെ പുറത്താക്കിയിരുന്നു. നിലവിൽ ദേശീയപാത അതോറിറ്റിയുമായി ഇവർക്കു ബന്ധമില്ല. ഈ സാഹചര്യത്തിൽ ലഭിക്കാനുള്ള കുടിശിക തുക എങ്ങനെ ലഭിക്കുമെന്ന ആശങ്കയിലാണ് നാട്ടുകാർ. 11 ലക്ഷം രൂപ മാത്രമാണു കുടിശിക ഉള്ളത് എന്നിരിക്കെ പ്രഗതി ഗ്രൂപ്പ് ഉപകരാർ കമ്പനിയോട് കോൺക്രീറ്റിങ് മെഷീൻ, ലോറികൾ, മണ്ണുമാന്തി യന്ത്രങ്ങൾ, ജനറേറ്റർ, കംപ്രസർ, ഉരുക്കു പാളികൾ, തകിടുകൾ മുതലായവ കൊണ്ടുപോകാൻ അനുമതി നൽകിയിട്ടുണ്ട്.



## വാഹനങ്ങളുടെറജിസ്ട്രേഷൻ റദ്ദായി;ഭൂജല വകുപ്പിന്റെ കുഴൽക്കിണർ നിർമാണം പ്രതിസന്ധിയിൽ

**കൊല്ലം:** ഭൂജല വകുപ്പിന്റെ കുഴൽക്കിണർ നിർമാണ യൂണിറ്റുകളിലെ ഭൂരിഭാഗം വാഹനങ്ങളുടെയും റജിസ്ട്രേഷൻ റദ്ദായി. ഇതോടെ കുഴൽക്കിണർ നിർമാണം പ്രതിസന്ധിയിലേക്ക്. ഭൂരിഭാഗം ജീവനക്കാർക്കും തൊഴിൽ നഷ്ടപ്പെടുകയും ചെയ്യും.പുതിയ റിങ് വാങ്ങുന്നതിനു 9 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും കഴി!ഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂജല വകുപ്പ് അതു വകമാറ്റി ചെലവഴിച്ചു.. ഇപ്പോൾ പഴയ വാഹനങ്ങളുടെ റജിസ്ട്രേഷൻ റദ്ദാവുക കൂടി ചെയ്തതോടെ പ്രവർത്തനം നാമമാത്രമായി മാറും.

15 വർഷം പഴക്കമുള്ള വാഹനങ്ങൾ ഒഴിവാക്കണമെന്ന നിയമം വന്നതോടെയാണ് ഭൂരിഭാഗം വാഹനങ്ങളുടെയും റജിസ്ട്രേഷൻ റദ്ദായത്. 34 കുഴൽ കിണർ നിർമാണ യൂണിറ്റുകളിൽ ഉണ്ടായിരുന്ന 20 ലോറികളിൽ 17ന്റെയും 33 ജീപ്പുകളിൽ 20 എണ്ണത്തിന്റെയും റജിസ്ട്രേഷൻ റദ്ദായി. 3 ലോറിയും 13 ജീപ്പും മാത്രമാണ് ഇപ്പോഴുള്ളത്.. ഇതോടെ 34 കുഴൽ നിർമാണ യൂണിറ്റുകൾ 10 ആയി ചുരുങ്ങി.

കുഴൽക്കിണർ നിർമാണ യൂണിറ്റുകളിൽ 192 എസ്എൽആർ, ജീവനക്കാരും 124 സിഎൽആർ തൊഴിലാളികളും ഉണ്ട്. ഇവരിൽ ഭൂരിപക്ഷത്തിനും തൊഴിൽ നഷ്ടപ്പെടും. കുഴൽക്കിണർ നിർമിക്കുന്നതിന് ഭൂജല വകുപ്പിൽ നിന്നുള്ള സേവനവും പരിമിതപ്പെടും. വകുപ്പിലെ 592 സാങ്കേതിക ജീവനക്കാർക്ക് ജോലി ഇല്ലാതെ ശമ്പളം നൽകേണ്ട ബാധ്യതയും ഉണ്ടാകും.

100 മീറ്റർ വരെ ആഴത്തിൽ കുഴൽക്കിണർ നിർമിക്കുന്നതിന് അനുമതി ആവശ്യമില്ലെന്ന് നിബന്ധനയിൽ അടുത്തിടെ ഇളവു വരുത്തിയിട്ടുണ്ട്. യൂണിറ്റുകളുടെ കുറവുമൂലം ഭൂജല വകുപ്പിന് കുഴൽക്കിണർ നിർമിക്കാൻ കഴിയാതെ വരുന്നതോടെ, നിബന്ധനയിലെ ഇളവു സ്വകാര്യ മേഖലയ്ക്കുള്ള ചാകരയായി മാറും. സ്വകാര്യ ലോബിയെ സഹായിക്കാനാണ് മാനദണ്ഡത്തിൽ ഇളവു വരുത്തിയതെന്നാണ് ആരോപണം.

മെഷിനറിയുടെ ഗണത്തിൽപെട്ട കുഴൽക്കിണർ നിർമാണ റിഗുകളുടെ റജിസ്ട്രേഷൻ കാലാവധി 5 വർഷം കൂടി ദീർഘിപ്പിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തണമെന്ന് കേരള സ്റ്റേറ്റ് ഗ്രൗണ്ട് വാട്ടർ വർക്കേഴ്സ് യൂണിയൻ (യുടിയുസി) സംസ്ഥാന പ്രസിഡന്റ് എ. എ അസീസ്, സെക്രട്ടറി കെ. ബാബുരാജേന്ദ്ര പ്രസാദ് എന്നിവർ ആവശ്യപ്പെട്ടു.

പുതിയ റിഗുകൾ വാങ്ങുന്നതിനു സംസ്ഥാന സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം. ഭൂഗർഭ ജല വകുപ്പിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി വേണമെന്നാവശ്യപ്പെട്ടു കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എംപ്ലോയീസ് ഫെഡറേഷൻ മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും ഡയറക്ടർക്കും നിവേദനം നൽകി.



# പാർക്കിൻസൺസ്
## രോഗം അറിഞ്ഞ് ചികിത്സിക്കണം

ശരീരത്തിന്റെ ഏതെങ്കിലും ഒരു അവയവം ചെറുതായി ഒന്ന് വിറച്ച് തുടങ്ങിയാൽ നമ്മളെ ആദ്യം അലട്ടുന്ന ചിന്ത പാർക്കിൻസൺസ് ആയിരിക്കുമോ ആശങ്കയാണ്. അത്രകണ്ട് ഈ രോഗാവസ്ഥയെ നമ്മളെല്ലാം ഭയക്കുന്നുണ്ട്. ചെറിയ വിറയൽ മുതൽ ശരീരത്തിൽ ഒരു കൊതുക് കടിച്ചാൽ ഒന്നും ചെയ്യാൻ സാധിക്കാതെ വേദന കടിച്ചമർത്തേണ്ടി വരുന്ന നിസ്സഹായത വരെ ഈ രോഗത്തിന്റെ വിഭിന്ന അവസ്ഥാന്തരങ്ങളാണ്.

പാർക്കിൻസൺസ് ബാധിതനായാൽ ആരോഗ്യത്തോടെയുള്ള ജീവിതം അവസാനിച്ച് കഴിഞ്ഞു എന്ന് കരുതി നിരാശപ്പെടുന്നവരാണ് ഭൂരിഭാഗം പേരും. രോഗത്തെക്കുറിച്ച് കൃത്യമായ ധാരണയില്ലാത്തതും, ചികിത്സയെ കുറിച്ച് ആവശ്യത്തിലധികം തെറ്റിദ്ധാരണകളുള്ളതും കൊണ്ടാണ് ഈ ചിന്ത പ്രധാനമായും ഉണ്ടാകുന്നത്. പ്രായം കൂടിയവരിൽ പാർക്കിൻസൺസ് പ്രത്യക്ഷപ്പെടുന്നത് കുറച്ച് കൂടി കാര്യങ്ങളെ രൂക്ഷമാക്കും. അവർക്ക് തനിച്ചൊന്നും ചെയ്യാൻ സാധിക്കില്ല എന്ന നിസ്സഹായതയ്ക്ക് പുറമെ അവർക്ക് വേണ്ടി കുടുംബത്തിൽ ഒരാൾ മുഴുവൻ സമയവും മാറ്റിവെക്കേണ്ടി വരുന്നു എന്ന ബുദ്ധിമുട്ടും കൂടിയാകുമ്പോൾ സ്വാഭാവികമായും രോഗി മാനസികമായ സമ്മർദ്ദത്തിനും ഒറ്റപ്പെടലിനുമെല്ലാം വിധേയനാകും.

### എന്താണ് പാർക്കിൻസൺസ്?

നമ്മുടെ ശരീരത്തിന്റെ സ്വാഭാവികമായ പ്രവർത്തനത്തെ നിയന്ത്രിക്കുന്നത് മസ്തിഷ്കമാണ്. മസ്തിഷ്കത്തിലെ അതി സൂക്ഷ്മമായ അനേകം ഇലക്ട്രിക്കൽ ശൃംഖലകളാണ് പ്രധാനമായും ഇത്തരം പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശം നൽകുന്നത്. ഇതിൽ ചലനത്തെ നിയന്ത്രിക്കുന്ന ഇലക്ട്രിക്കൽ ശൃംഖലകളിൽ ഉണ്ടാകുന്ന താളപ്പിഴയാണ് പാർക്കിൻസൺസ് എന്ന വിറയൽ രോഗത്തിലേക്ക് നയിക്കുന്നത്. ഈ ഇലക്ട്രിക്കൽ ശൃംഖലകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കണമെങ്കിൽ ഡോപമിൻ എന്ന രാസവസ്തു ഉത്പാദിപ്പിക്കപ്പെടണം. ഇത് ഉത്പാദിപ്പിക്കുന്ന കോശങ്ങൾക്ക് നാശം സംഭവിക്കുമ്പോൾ ഡോപമിന്റെ ഉത്പാദനത്തിൽ വ്യതിയാനം സംഭവിക്കുകയും ഇലക്ട്രിക്കൽ ശൃംഖലയുടെ പ്രവർത്തനം താളം തെറ്റുകയും ചെയ്യും. ഡോപമിന്റെ ഉത്പാദനം 80%ത്തോളം കുറയുമ്പോഴാണ് രോഗിയിൽ ലക്ഷണങ്ങൾ ആദ്യമായി പ്രത്യക്ഷപ്പെട്ട് തുടങ്ങുന്നത്.

### രോഗനിർണ്ണയം

ശരീരത്തിൽ വിറയൽ ശ്രദ്ധയിൽ പെട്ടാൽ ഉടൻ തന്നെ ഇത് പാർക്കിൻസൺസ് ആണ് എന്ന നിർണ്ണയത്തിൽ എത്താൻ സാധിക്കില്ല. മറ്റേതെങ്കിലും കാരണങ്ങൾ കൊണ്ടും വിറയൽ സംഭവിക്കാം. കാരണം കൃത്യമായി കണ്ടെത്തിയ ശേഷം ചികിത്സ ആരംഭിക്കുക എന്നതാണ് പ്രധാനം. ഒന്നിലധികം പരിശോധനകളിലൂടെയാണ് പാർക്കിൻസൺസ് രോഗനിർണ്ണയം നടത്താൻ സാധിക്കുക. രോഗിയുടെ അവസ്ഥ പരിശോധിച്ച ശേഷം പാർക്കിൻസൺസ് ചികിത്സയിൽ വൈദഗ്ദ്ധ്യം നേടിയ ന്യൂറോളജിസ്റ്റാണ് ആവശ്യമായ പരിശോധനകൾ നിർദ്ദേശിക്കുക.



**ഡോ. ആശ കിഷോർ**
ഡയറക്ടർ, പാർക്കിൻസൺസ് & മൂവ്മെന്റ് ഡിസോഡർ ക്ലിനിക്ക്,
ആസ്റ്റർ കേരള ക്ലസ്റ്റർ

### ലക്ഷണങ്ങൾ

നമ്മൾ പ്രധാനമായും ശ്രദ്ധിക്കുന്ന ലക്ഷണം വിറയൽ, ചലനത്തിന്റെയും പ്രവർത്തികളുടേയും വേഗതയിലുണ്ടാകുന്ന കുറവ്, ചലനസംബന്ധമായ ബുദ്ധിമുട്ടുകൾ എന്നിവയാണ്. ഈ ലക്ഷണങ്ങൾ പൊതുവെ വളരെ വൈകി പ്രത്യക്ഷപ്പെടുന്നവയാണ്. എന്നാൽ രോഗിയിൽ മറ്റ് ചില പൊതുവായ ലക്ഷണങ്ങൾ രോഗത്തിന്റെ പ്രാരംഭ ദശ മുതൽ തന്നെ പ്രത്യക്ഷപ്പെട്ട് തുടങ്ങും. ചിലരിൽ വിഷാദം, ഉത്കണ്ഠ, ഉറക്ക സംബന്ധമായ പ്രശ്നങ്ങൾ, മലബന്ധം, ഗന്ധം തിരിച്ചറിയാനുള്ള കഴിവിൽ തകരാർ സംഭവിക്കുക തുടങ്ങിയ പല തരം ലക്ഷണങ്ങൾ കാണപ്പെടാറുണ്ട്. ചലന സംബന്ധമായ ബുദ്ധിമുട്ടുകൾ ആരംഭിക്കുന്നതിന് വർഷങ്ങൾ മുൻപ് തന്നെ ഈ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ട് തുടങ്ങിയിട്ടുണ്ടാകും.

### ചികിത്സ


പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കുവാൻ സാധിക്കുന്ന അവസ്ഥയിലേക്ക് ആധുനിക വൈദ്യശാസ്ത്രം എത്തിച്ചേർന്നിട്ടില്ല. എന്നാൽ സമീപകാലത്ത് പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഗവേഷണങ്ങൾ ഈ ലക്ഷ്യം എത്രയും പെട്ടെന്ന് കരഗതമാക്കുവാൻ സഹായിക്കും എന്ന് പ്രതീക്ഷിക്കുന്നു. രോഗത്തിന്റെ തീവ്രത കുറച്ച്, രോഗത്തെ നിയന്ത്രിച്ച് രോഗിയുടെ ജീവിതനിലവാരം ഉയർത്തുവാൻ സഹായിക്കുക എന്നതാണ് ചികിത്സയുടെ പ്രധാന ലക്ഷ്യം.

തലച്ചോറിലെ വൈദ്യുത ശൃംഖലകളുടെ പ്രവർത്തനത്തിനാവശ്യമായ രാസവസ്തുവായ ഡോപമിൻ മരുന്നിലൂടെ നൽകുക എന്നാണ് പ്രധാന ചികിത്സ. തുടക്കത്തിൽ നല്ല ഫലം നൽകുന്ന ചികിത്സയാണിത്. മുന്നോ നാലോ വർഷം കഴിയുമ്പോൾ ഈ മരുന്നിന്റെ ഫലപ്രാപ്തിയിൽ ചെറിയ കുറവ് ചിലരിൽ കാണാറുണ്ട്. ഇൻസുലിൻ രീതിയിലും, കുടലിലേക്ക് ജെൽ രൂപത്തിലും ഡോപമിൻ നൽകുന്ന സംവിധാനങ്ങളും ഉണ്ട്.

മരുന്നിന് പകരം വൈദ്യുതി വികിരണങ്ങൾ ഉപയോഗിച്ച് വിറയലിന് കാരണമാകുന്ന തലച്ചോറിലെ ഭാഗത്തെ ഉദ്ദീപിപ്പിക്കുകയും അതുവഴി വിറയൽചലനസംബന്ധമായ ബുദ്ധിമുട്ടുകൾ കുറയ്ക്കുകയും ചെയ്യുന്ന ഡീപ് ബ്രെയിൻ സ്റ്റിമുലേഷൻ (ഡി ബി എസ് ) എന്ന രീതി നിലവിൽ വ്യാപകമായി വരുന്നുണ്ട്.

തലയോട്ടിയിൽ ചെറിയ ദ്വാരമുണ്ടാക്കി, ഇലക്ട്രോഡുകൾ നിക്ഷേപിച്ച്, അതിലേക്ക് ബാറ്ററി വഴി വൈദ്യുതി കടത്തിവിട്ടാണ് ഡി ബി എസ് നിർവ്വഹിക്കുന്നത്.

# പ്രായമാകുമ്പോൾ പിന്തുടരാം ഈ ഭക്ഷണശീലങ്ങൾ



ജീവിതത്തിൻറെ ഒഴുക്കിനെ പല തരത്തിൽ ബാധിക്കുന്ന ഒരു സ്വാഭാവിക പ്രകൃതിപ്രതിഭാസമാണ് വാർധക്യം. ഇതിനെ തടഞ്ഞു നിർത്താൻ ആർക്കും സാധിക്കില്ല. പ്രായമാകുമ്പോൾ പല വിധ അസുഖങ്ങളും കൂടെക്കൂടും. ഇതും ജീവിതം ദുഷ്ക്കരമാക്കാം. എന്നാൽ വാർധക്യത്തിൻറെ പ്രയാസങ്ങളെ ലഘൂകരിക്കാൻ നമ്മുടെ ഭക്ഷണക്രമവും ചില ശീലങ്ങളും വഴി കഴിയും.

പ്രായമാകുമ്പോൾ നിത്യജീവിതത്തിൽ പിന്തുടരാവുന്ന ചില ഭക്ഷണശീലങ്ങൾ പരിചയപ്പെടുത്തുകയാണ് എച്ച്ടി ലൈഫ്സ്റ്റൈലിന് നൽകിയ അഭിമുഖത്തിൽ വെസ്റ്റ എൽഡർകെയർ സിഒഒ ഡോ. പ്രതീക് ഭരദ്വാജ്.

1. കാൽസ്യം സമ്പന്ന ഭക്ഷണം

കൊഴുപ്പ് കുറഞ്ഞ പാലുൽപന്നങ്ങളും ഇലക്കറികളും ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് ശരീരത്തിന് കാൽസ്യം ലഭിക്കാൻ സഹായിക്കും. പ്രായമാകുമ്പോൾ എല്ലുകൾ ദുർബലമാകുന്നതിനെ തടയാൻ ഇത്തരം കാൽസ്യം ഭക്ഷണങ്ങൾ ആവശ്യമാണ്.

2. ആരോഗ്യകരമായ കൊഴുപ്പ്

എണ്ണ ഭക്ഷണത്തിലും മാംസത്തിലും ചില പാലുൽപന്നങ്ങളിലുമുള്ള സാച്ചുറേറ്റഡ് കൊഴുപ്പ് വാർധക്യത്തിൽ കുറയ്ക്കേണ്ടതാണ്. പകരം അവോക്കാഡോ, മീൻ, സസ്യ എണ്ണകൾ എന്നിവ പോലെ അൺസാച്ചുറേറ്റഡ് കൊഴുപ്പ് അടങ്ങിയ ഭക്ഷണങ്ങൾ കഴിക്കാം.

3. നാരുകൾ ചേർന്ന ഭക്ഷണം

പഴവർഗങ്ങൾ, പച്ചക്കറികൾ, ഹോൾ ഗ്രെയ്നുകൾ എന്നിങ്ങനെ നാരുകൾ ധാരാളമടങ്ങിയ ഭക്ഷണസാധനങ്ങൾ കഴിക്കുന്നത് മലബന്ധം തടയും. ശരീരത്തിന് ആവശ്യമായ വൈറ്റമിനുകൾ, ധാതുക്കൾ, മറ്റ് പോഷണങ്ങൾ എന്നിവയും ഇതു വഴി ലഭിക്കും.

4. ലീൻ പ്രോട്ടീനുകൾ

പ്രായമാകുമ്പോൾ ഭാരം കുറയാനും പേശികൾ നഷ്ടമാകാനും സാധ്യതയുണ്ട്. ഇതിൻറെ സ്വാധീനം ലഘൂകരിക്കാൻ പ്രോട്ടീൻ അടങ്ങിയ ഭക്ഷണങ്ങൾ സഹായിക്കും. മീൻ, മുട്ടയുടെ വെള്ള, ബീൻസ് എന്നിങ്ങനെ ലീൻ പ്രോട്ടീനുകൾ ഭക്ഷണത്തിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

5. വെള്ളവും ആരോഗ്യ പാനീയങ്ങളും

ശരീരത്തിന് സംഭവിക്കുന്ന നിർജലീകരണം പ്രായമാവരിൽ മലബന്ധം, വൃക്കയിൽ കല്ലുകൾ, ശരീരം അമിതമായി ചൂടാകൽ, മൂഡ് മാറ്റം, അവ്യക്തമായ ചിന്ത എന്നിവയിലേക്ക് നയിക്കാം. ആവശ്യത്തിന് വെള്ളം കുടിക്കാൻ ഇതിനാൽ ശ്രദ്ധിക്കേണ്ടതാണ്. കൊഴുപ്പില്ലാത്തതോ കുറഞ്ഞതോ ആയ പാൽ, മധുരം ചേർക്കാത്ത സമ്പുഷ്ടീകരിച്ച പാൽ, പഴങ്ങളുടെയും പച്ചക്കറികളുടെയും ജ്യൂസ് എന്നിവയെല്ലാം പ്രതിദിന കാലറി ആവശ്യകതയ്ക്കുള്ളിലാകുന്ന തരത്തിൽ കഴിക്കാം.

# കടുവ സെൻസസ്: പ്രതാപം നഷ്ടപ്പെടാതെ പെരിയാർ കടുവസങ്കേതം

**കുമളി:** രാജ്യത്തെ കടുവ സെൻസസ് പുറത്തു വന്നപ്പോൾ പ്രതാപം നഷ്ടമാകാതെ പെരിയാർ കടുവസങ്കേതം. കേരളം ഉൾപ്പെടുന്ന പശ്ചിമഘട്ട മേഖലയിൽ 2018 ലെ കണക്ക് അനുസരിച്ച് 157 കടുവകളുടെ കുറവ് പുതിയ കണക്കെടുപ്പിൽ രേഖപ്പെടുത്തിയെങ്കിലും പെരിയാറിന് കോട്ടം തട്ടിയിട്ടില്ല. വലിയ വർധന രേഖപ്പെടുത്തിയില്ലെങ്കിലും എണ്ണം കുറഞ്ഞില്ലെന്നു പെരിയാറിന് ആശ്വസിക്കാം. സംരക്ഷിത വനമേഖലകൾക്കു പുറത്ത് എണ്ണം കുറഞ്ഞു എന്നാണു കണക്കുകൾ വ്യക്തമാക്കുന്നത്. 3 ഘട്ടങ്ങളായാണു കണക്കെടുപ്പ് നടന്നത്.



ഇതിൽ ക്യാമറ കെണി ഉപയോഗിച്ച് നടത്തിയ കണക്കെടുപ്പിൽ പെരിയാറിൽ 46 കടുവകളെ കണ്ടെത്തി. 2010ൽ എണ്ണം 38 ആയിരുന്നു. 6 സംസ്ഥാനങ്ങളിലായി 1600 കിലോമീറ്റർ നീളത്തിൽ സ്ഥിതി ചെയ്യുന്ന പശ്ചിമഘട്ട മലനിരകളിൽ 1,40,000 ചതുരശ്ര കിലോമീറ്റർ സംരക്ഷിത പ്രദേശമാണ് ഉള്ളത്. 12 കടുവ സങ്കേതങ്ങളും 20 ദേശീയ ഉദ്യാനങ്ങളും 68 വന്യജീവി സങ്കേതങ്ങളും ഈ മേഖലയിലുണ്ട്.

ഇതിൽ 925 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പെരിയാർ കടുവ സങ്കേതത്തിലെ 881 ചതുരശ്ര കിലോമീറ്റർ പ്രദേശവും കടുവകളുടെ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമായ കാതൽ (കോർ ഏരിയ) മേഖലയാണ്. ശേഷിച്ച 44 ചതുരശ്ര കിലോമീറ്റർ പ്രദേശം കരുതൽ (ബഫർ സോൺ) മേഖലയാണ്. 26 ചതുരശ്ര കിലോമീറ്റർ വരുന്ന പെരിയാർ നദിയും, ശബരിമലയും, തേക്കടിയുമെല്ലാം ഉൾപ്പെടുന്നതാണു കരുതൽ മേഖല. മനുഷ്യവാസമില്ലാത്തതും തമിഴ്നാട് വനമേഖലയുമായി അതിർത്തി പങ്കിടുന്നതുമായ കാതൽ മേഖലയിൽ കടുവകളുടെ ആവാസവ്യവസ്ഥയ്ക്കു പുറമേ നിന്നുള്ള യാതൊരു ഭീഷണിയും നിലവിലില്ല. എന്നാൽ വനത്തിനുള്ളിൽ പെരുകുന്ന കൊങ്ങിണി ചെടികൾ (ലെന്റാന) ഉൾപ്പെടെയുള്ള കളകൾ ഇവയുടെ നിലനിൽപിന് ഭീഷണിയാണ്.

ജനകീയ പങ്കാളിത്വത്തോടെ വനസംരക്ഷണം നടത്തി രാജ്യത്തിന് മാതൃകയായണു പെരിയാർ. ഈ പെരിയാർ മോഡൽ ലോകബാങ്കിന്റെ വരെ പ്രശംസ നേടിയിരുന്നു. പട്രോളിങ്, ക്യാമറ കെണി തുടങ്ങിയവ വഴി കൃത്യമായ ഇടവേളകളിൽ വന്യമൃഗങ്ങളെ നിരീക്ഷിക്കുന്ന കാര്യത്തിലും പെരിയാർ മറ്റ് വന്യജീവി സങ്കേതങ്ങൾക്ക് മാതൃകയാണ്. വനം കൊള്ളയിൽ ഏർപ്പെട്ടിരുന്നവരെ പോലും വന സംരക്ഷകരാക്കി മാറ്റിയ ഇക്കോ ഡവലപ്മെന്റ് പദ്ധതിയാണ് പെരിയാറിനെ ശ്രദ്ധേയമാക്കി മാറ്റിയത്.

ലോകബാങ്ക് സഹായത്തോടെ നടപ്പാക്കിയ പദ്ധതി പിന്നീടു മറ്റ് പല വന്യജീവി സങ്കേതങ്ങളിലും നടപ്പാക്കി. വനമേഖലയ്ക്കു ചുറ്റുമുള്ള ജനങ്ങളെ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചു സംരക്ഷണത്തിൽ പങ്കാളികളാക്കി നടപ്പാക്കിയ പെരിയാർ മോഡൽ രാജ്യത്തെ ശ്രദ്ധേയ പദ്ധതിയായി മാറി. രാജ്യത്ത് ആദ്യമായി ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ സ്ഥാപിതമായതും പെരിയാറിലാണ്.

# നെല്ലാറച്ചാലിലേക്ക് സഞ്ചാരികളുടെ ഒഴുക്ക്

അമ്പലവയൽ: അസ്തമയത്തിന്റെ മനോഹരദൃശ്യമൊരുക്കുന്ന നെല്ലാറച്ചാലിലേക്ക് ദിനംപ്രതി കൂടുതൽ വിനോദസഞ്ചാരികൾ എത്തുന്നു. ജില്ലയിലെ ഔദ്യോഗിക ടൂറിസം കേന്ദ്രമല്ലെങ്കിലും കാഴ്ചക്കാർ ഏറെയാണിവിടെ. അവധിക്കാലവും വിശേഷ ദിവസങ്ങളും ഒന്നിച്ചെത്തുമ്പോൾ തിരക്കു വർധിക്കും. കുന്നിന്റെ മുകളിൽ നിന്നുള്ള കാരാപ്പുഴ ഡാം റിസർവോയറും അതിൽ തെളിയുന്ന അസ്തമയ കാഴ്ചയും ആരെയും ആകർഷിക്കുന്നതാണ്. വിശാലമായ കുന്നുകളുള്ളതിനാൽ എല്ലാവർക്കും സൗകര്യപ്രദമായി എവിടെ വേണമെങ്കിലും എത്ര നേരം വേണമെങ്കിലും ചെലവഴിക്കാമെന്നതും കുടുംബങ്ങളെയടക്കം ഇവിടേക്ക് ആകർഷിക്കുന്നു.



വൈകുന്നേരങ്ങളിലാണ് കൂടുതൽ പേരെത്തുന്നത്. കുന്നിന്റെ മുകളിലെ ചെറിയ പാറക്കൂട്ടങ്ങളിലിരുന്ന് അസ്തമയം കാണുന്നവരും ഏറെ. വൈകുന്നേരത്തെ കുളിരും വെള്ളത്തിനു മുകളിലൂടെ എത്തുന്ന ചെറിയ കാറ്റും ഇവിടുത്തെ പ്രത്യേകതയാണ്. റിസർവോയറിൽ മീൻ പിടിക്കാൻ പോകുന്ന കെ!ാട്ടത്തോണികളുടെ കാഴ്ചയും മനോഹരം. ചില കുന്നുകളിൽ താമസക്കാരകൃഷിയിടങ്ങളുമുള്ളതിനാൽ അവിടങ്ങളിൽ സഞ്ചാരികൾ പോകാറില്ല. ബാക്കിയുള്ള പ്രദേശങ്ങളിലെല്ലാം സന്ദർശകർ എത്താറുണ്ട്. സമീപത്തെ കുന്നുകളിൽ നിന്നാൽ കാരാപ്പുഴ ഡാമിന്റെ മുൻവശവും വ്യക്തമായി കാണാം. വിശാലമായ പ്രദേശമായതിനാൽ വാഹനങ്ങൾ പാർക്കിങ്ങിന് അടക്കം പ്രശ്നങ്ങളില്ല.അവധി ദിവസങ്ങളിലും കൂടുതലാളുകൾ എത്തുന്ന ദിവസങ്ങളിലും പെ!ാലീസ് പരിശോധന പ്രദേശത്ത് ശക്തമാണ്. ലഹരി വസ്തുക്കളുടെ ഉപയോഗം അടക്കമുള്ളവ പരിശോധിക്കുന്നുണ്ട്. വെള്ളത്തിനോട് ചേർന്ന് വരെ സന്ദർശകർക്ക് പോകാൻ കഴിയും. മറ്റു നിയന്ത്രണങ്ങളെ!ാന്നു മില്ലെങ്കിലും വെള്ളത്തിൽ ഇറങ്ങുന്നവർ കുറവാണ്. കാരാപ്പുഴ പദ്ധതിയുടെ ഭാഗമായുള്ള പ്രദേശത്ത് ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തണമെന്ന ആവശ്യവും ഉയർന്നിട്ടുണ്ട്.



# ഗോത്രസങ്കേതത്തിൽ ശുദ്ധജലം കിട്ടാക്കനി

**പുൽപള്ളി:** കുടിക്കാനും പാചകത്തിനും വെള്ളമില്ലാതെ ചീയമ്പം കോളനിക്കാർ നരകിക്കുന്നു. 250 രൂപ മുടക്കിയാൽ 750 ലീറ്റർ വെള്ളം ലഭിക്കും. അത് 2 ദിവസത്തേക്ക് തികയില്ല. അലക്കും കുളിയും കന്നാരംപുഴയിൽ. കാശുമുടക്കി വെള്ളംവാങ്ങാൻ കഴിവില്ലാത്തവർ വയൽക്കരയിലെയും തോട്ടുവക്കിലെയും കുഴിയിലൂറുന്ന കലക്കവെള്ളം കഴിച്ച് ജീവിക്കണം. വിവിധ കോളനികളിലായി 400 ലധികം കുടുംബങ്ങൾ കഴിയുന്ന ജില്ലയിലെ പ്രധാന ഗോത്രസങ്കേതങ്ങളിലൊന്നാണ് ചീയമ്പം, എഴുപത്തിമൂന്ന് ഭാഗത്തെ അവസ്ഥയാണിത്.

ചില പ്രദേശങ്ങളിൽ പഞ്ചായത്ത് വെള്ളമെത്തിക്കുന്നുണ്ട്. അതു വല്ലപ്പോൾ മാത്രമെന്നും തങ്ങളുടെ ആവശ്യത്തിന്റെ ഒരംശംപോലും തികയില്ലെന്നും കോളനിക്കാർ പറയുന്നു. വന്യജീവി സങ്കേതവും തേക്കുതോട്ടവും അതിരിടുന്ന കോളനി കടുത്തവരൾച്ചയെ നേരിടുന്നു.കന്നാരംപുഴയും വറ്റി.

കോളനിക്കാർ അലക്കാനും കുളിക്കാനും ആശ്രയിക്കുന്നതു കന്നാരംപുഴയെയാണ്. സന്ധ്യയ്ക്കു മുമ്പു പുഴയിൽ നിന്നു കയറണം. ഇല്ലെങ്കിൽ ആനയും കടുവയുമെല്ലാമെത്തും. വനാവകാശ നിയമപ്രകാരം ഇവിടെ 203 കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട്. അതിനു മുമ്പു കൈവശരേഖ ലഭിച്ചവരും രേഖയില്ലാതെ താമസിക്കുന്നവരുമെല്ലാമുണ്ട്.

കോളനിയിൽ കുടിവെള്ളം നൽകാൻ കോടികൾ മുടക്കി നിർമിച്ച പദ്ധതികൾ 3 ആണ്. കാട്ടുനായ്ക്ക പുനരുദ്ധാരണത്തിനുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ പിവിടിജി, രാജീവ് കുടിവെള്ളം, ജലനിധി പദ്ധതികളാണിവ. പിവി!ടിജി പദ്ധതിക്ക് 10 കൊല്ലം മുമ്പ് ഒരുകോടിയിൽപരം രൂപമുടക്കിയിരുന്നു. വലിയ കിണറും സംഭരണിയും പൈപ്പ് ലൈനും സ്ഥാപിച്ചു. ഇതുവരെ ടാങ്ക് നനയാൻ വെള്ളമെത്തിയില്ല. നിരവധി കുടുംബങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തേണ്ട കുളം നിർമാണം പാതിവഴിയിൽ അവസാനിച്ചു.

പാറ കണ്ടപ്പോൾ പണി നിർത്തി സമീപത്തെ തോട്ടിലെ വെള്ളം കുളത്തിലേക്കു തിരിച്ചുവിട്ട് ജലലഭ്യത അധികൃതരെ ബോധ്യപ്പെടുത്തിയെന്നും കുളത്തിനുമുകളിൽ തന്നെ പമ്പുഹൗസ് നിർമിച്ച് മേലിൽ കുളംതാഴ്ത്താനുള്ള സാധ്യത അടച്ചെന്നും പറയുന്നു.

# മലയാളികൾ കൂട്ടപലായനത്തിന്റെ വക്കിൽ : കേരള വ്യാപാരി വ്യവസായി ഏകോപന സമിതി

**കൊച്ചി :** കെട്ടിടങ്ങളുടെ നികുതി നശ്ചയിക്കാൻ ഉദ്യോഗസ്ഥർക്ക് വിവേചനാധികാരം നൽകി സർക്കാർ പുറപ്പെടുവിച്ച ഉത്തരവും താങ്ങാനാവാത്ത കെട്ടിട നികുതി വർദ്ധനവും പിൻവലിക്കണമെന്ന് വ്യാപാരി വ്യവസായി ഏകോപന സമിതി ആവശ്യപ്പെട്ടു. കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി യാതൊരു മാനണ്ഡവും പാലിക്കാതെ ആയിരം മടങ്ങ് വരെ വർദ്ധിപ്പിച്ച നടപടി അത്യന്തം അപലനീയമാണ്. കൂടാതെ തദ്ദേശ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് കെട്ടിട നികുതി നിശ്ചയിക്കാൻ നൽകിയിരിക്കുന്ന അധികാരം സ്വജനപക്ഷ പ്രീണനത്തിനും, അഴിമതിക്കും, ഉദ്യോഗസ്ഥ തേർവാഴ്ച്ചയ്ക്കും വഴിവയ്ക്കുമെന്നും സംഘടന കുറ്റപ്പെടുത്തി. പ്രളയവും കോവിഡും തകർത്ത കേരളത്തിലെ സാധാരണക്കാരന്റെ ജീവിതം വീണ്ടും ദുസ്സഹമാക്കുന്ന തരത്തിലാണ് കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി വർദ്ധിപ്പിച്ചിരിക്കുന്നത്. ഇതിന് പുറമെ വീടുകളുടെയും കെട്ടിടങ്ങളുടെയും നികുതി വർഷം തോറും 5 ശതമാനം വർദ്ധിപ്പിക്കാനുള്ള തീരുമാനം കൊച്ചി പോലുള്ള നഗരങ്ങളിൽ വീട്ടുവാടക സാധാരണക്കാരന് താങ്ങാനാവാത്ത വിധം വർദ്ധിക്കാൻ ഇടവരും. വ്യാപാര സമൂഹത്തിനും കൊട്ടിടങ്ങൾ വാടകയ്ക്കെടുത്ത് വ്യാപാര സ്ഥാപനങ്ങൾ തുടങ്ങാനാവത്ത സ്ഥിതിയാകും. സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച ഭൂമിയുടെ അടിസ്ഥാന വില വർദ്ധനവും ഭൂമി രജിസ്ട്രേഷൻ ഫീസിന്റെ വർദ്ധനവിനും പുറമെയാണ് കെട്ടിട നികുതി കൊള്ള. ഇതുമൂലം സംസ്ഥാനത്തെ നിർമ്മാണ മേഖല അപ്പാടെ സ്തംഭിക്കും. സാധാരണക്കാർക്ക് തൊഴിൽ നഷ്ടവും സാമ്പത്തിക മേഖലയക്ക് തകർച്ചും സംഭവിക്കും.സംസ്ഥാനം ധന ധൂർത്ത് അവസാനിപ്പിച്ച് വ്യവസായ സംരംഭക സൗഹാർദ നയം സ്വീകരിച്ചില്ലെങ്കിൽ നികുതിയുടെ മുകളിൽ നികുതി ഏർപ്പെടുത്തിയാലും ഖജനാവ് നിറയ്ക്കാൻ സർക്കാരിന് കഴിയില്ല. ഇനിയും നികുതി ഭാരം അടിച്ചേൽപ്പിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നതെങ്കിൽ മലയാളികൾ സംസ്ഥാനത്തുനിന്നും കൂട്ടപലായനം നടത്തുന്ന കാലം വിദൂരമല്ലെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റും എറണാകുളം ജില്ലാ പ്രസിഡന്റുമായ പി.സി.ജേക്കബ്, എറണാകുളം ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. എ.ജെ.റിയാസ്, ട്രഷറർ സി.എസ്.അജ്മൽ എന്നിവർ മുന്നറിയിപ്പ് നൽകി.

# മാലിന്യം തള്ളൽ ; കൊച്ചിയിൽ ഒരു മാസത്തിനകം പിഴയായി ഈടാക്കിയത് 54 ലക്ഷം രൂപ

**കൊച്ചി:** മാലിന്യ സംസ്കരണ സംവിധാനം കർശനമാക്കുന്നതിന്റെ ഭാഗമായി കൊച്ചി കോർപ്പറേഷന്റെ നേതൃത്വത്തിൽ നടത്തിയ വിവിധ പരിശോധനകളിൽ 54 ലക്ഷം രൂപ പിഴ ഈടാക്കി. കോർപ്പറേഷൻ പരിധിയിലെ വീടുകൾ സ്ഥാപനങ്ങൾ പൊതു ഇടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ ഒരു മാസം നടത്തിയ പരിശോധനയിലാണ് നിയമലംഘനം നടത്തുന്നവരിൽ നിന്നും പിഴ ഈടാക്കിയത്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷിന്റെയും, വ്യവസായ നിയമ വകുപ്പ് മന്ത്രി പി രാജീവിന്റെയും അധ്യക്ഷതയിൽ ചേർന്ന ജില്ലയിലെ നഗരസഭകളുടെ അവലോകന യോഗത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. കൂടാതെ ജില്ലാ തലത്തിൽ രൂപീകരിച്ചിട്ടുള്ള രണ്ടു സ്കാഡുകൾ വിവിധ തദ്ദേശസ്ഥപ്നങ്ങളിലായി നടത്തിയ പരിശോധനകളിലായി 2,84,000 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.ജില്ലയിൽ കൊച്ചി കോർപ്പറേഷൻ ഒഴികെയുള്ള മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ജൈവ മാലിന്യങ്ങൾ ബ്രഹ്മപുരത്തേക്ക് എത്തിക്കുന്നത് ഏപ്രിൽ 30 വരെ മാത്രം അനുവദിക്കാനും യോഗത്തിൽ തീരുമാനമായി. അതിനുള്ളിൽ സ്വന്തമായി നിയമാനുസൃത ബദൽ സംവിധാനം കണ്ടെത്തണം. തദ്ദേശ സ്വയംഭരണ സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും സന്ദർശനം നടത്തി ശരിയായ രീതിയിൽ മാലിന്യ സംസ്കരണ പരിപാടികൾ നടപ്പിലാക്കേണ്ടതിന്റെ നിയമപരമായ ആവശ്യകത ബോധ്യപ്പെടുത്തണം. ശരിയായ സംസ്കരണ സംവിധാനങ്ങളില്ലാത്ത വീടുകൾ, സ്ഥാപനങ്ങൾ എന്നിവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കണമെന്നും മന്ത്രിമാർ യോഗത്തിൽ നിർദേശിച്ചു.വ്യാപകമായ രീതിയിൽ കൗൺസിലർമാരുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്യാമ്പയിൻ വരുംദിവസങ്ങളിൽ സംഘടിപ്പിക്കണം. വിവിധ നഗരസഭകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തതിൽ മരട്, തൃപ്പൂണിത്തുറ, കോതമംഗലം, ഏലൂർ മുനിസിപ്പാലിറ്റികളിൽ ക്യാമ്പയിൻ കാര്യക്ഷമമായി നടക്കുന്നതായും യോഗം വിലയിരുത്തി. കൊച്ചി നഗരത്തിൽ നിലവിലുള്ള പ്രതിസന്ധിയെ തുടർന്ന് അവശേഷിക്കുന്ന അജൈവ മാലിന്യങ്ങൾ ഒറ്റ തവണയായി നീക്കം ചെയ്യുന്നതിനുള്ള സാധ്യത കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡുമായി ചേർന്ന് പരിശോധിക്കും. വഴിയരികിൽ മാലിന്യം നിക്ഷേപിക്കുന്നത് പിടിക്കുന്നതിന് പിഴയും ശിക്ഷയും ഉറപ്പാക്കുന്നതിനായി പൊലീസ് പരിശോധന വ്യാപകമാക്കണം. മാലിന്യം നിക്ഷേപിക്കുന്ന വാഹനം പിടിച്ചെടുക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പ്രചരണ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പ്രദർശന വിപണന മേള ഏപ്രിൽ 30ന് മുമ്പായി ശുചിത്വ മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കണം. മഴക്കാല പൂർവ ശുചീകരണത്തിന്റെ ഭാഗമായി വഴിയരികിൽ നിക്ഷേപിക്കപ്പെട്ട മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും, സാധ്യമായിടങ്ങളിലിൽ സിസിടിവി ക്യാമറ സംവിധാനം ഒരുക്കുന്നതിനും തീരുമാനിച്ചു. ബ്ലോക്ക് തലത്തിൽ ജനപ്രതിനിധികളുടെ യോഗം വിളിച്ചു ചേർക്കുകയും, തെരഞ്ഞെടുക്കപ്പെടുന്ന ഹരിത കർമസേന അംഗങ്ങളെ വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരിശീലനകരായി നിയോഗിക്കുന്നതിനും യോഗത്തിൽ തീരുമാനമായി.മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായും പൂർണമായും നടപ്പാക്കുന്നതിനായി ഹൈക്കോടതിയിൽ സമർപ്പിച്ച കർമപദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന്റെ ഭാഗമായാണ് യോഗം ചേർന്നത്.ഓൺലൈനായി ചേർന്ന യോഗത്തിൽ എംഎൽഎമാരായ ടി. ജെ വിനോദ്, കെ ബാബു, പി വി ശ്രീനിജിൻ, എൽദോസ് കുന്നപ്പിള്ളി, കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം അനിൽ കുമാർ, അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, നഗരസഭ അധ്യക്ഷന്മാർ, സെക്രട്ടറിമാർ മറ്റു ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# സീറോ വേസ്റ്റ് അറ്റ് കൊച്ചി എക്സിബിഷൻ: സമാപനം ഇന്ന്

**കൊച്ചി:** കൊച്ചി നഗരസഭയിൽ മാലിന്യ സംസ്കരണ സംവിധാനം കൊണ്ടുവരുന്നതിലേക്കായി സർക്കാരും ശുചിത്വ മിഷനും കൊച്ചി നഗരസഭയുംസംയുക്തമായി സംഘടിപ്പിക്കുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളുടെ ഭാഗമായി പനമ്പിള്ളി നഗറിൽ നടത്തിവന്ന 'സീറോ വേസ്റ്റ് അറ്റ് കൊച്ചി എക്സിബിഷൻ' ഇന്ന് രാത്രി എട്ടു മണിയോടെ സമാപിക്കും. സാങ്കേതിക സഹായത്തിനായി ശുചിത്വ മിഷന്റെ അംഗീകാരം നേടിയ പന്ത്രണ്ട് ഏജൻസികൾ എക്സിബിഷനിൽ അവരുടെ മെഷീനുകൾ പ്രദർശിപ്പിക്കുകയും സന്ദർശകരുടെ സംശയങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും ചെയ്തു. 'വേസ്റ്റ് മാനേജ്മെന്റ്''എന്ന വിഷയത്തിൽ രണ്ട് ദിവസം ഇതിനോടനുബന്ധിച്ച് സെമിനാറുകൾ നടന്നു. കുസാറ്റിലെ ഡോ. പി. ഷൈജു, ഡോ. സി.എൻ മനോജ്, സക്കറിയ, ശുചിത്വ മിഷൻ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ആർ.എസ് അമീർഷ എന്നിവർ സെമിനാറുകളിൽ പങ്കെടുത്തു. പനമ്പിള്ളി നഗറിന്റെ പരിസര പ്രദേശങ്ങൾ അടക്കമുള്ള റെസിഡൻസ് അസോസിയേഷനുകളിൽ നിന്നുള്ള നിവാസികളുടെ പങ്കാളിത്തം കൊണ്ട് എക്സിബിഷൻ ശ്രദ്ധേയമായി. പനമ്പിള്ളി നഗറിലെ കുട്ടികൾ രൂപകൽപ്പന ചെയ്ത ɪല്യീ ംമലേ@സീരവശ എന്ന സ്റ്റിക്കർ വീടുകളിൽ പതിക്കുന്നതിനായി പ്രകാശനം ചെയ്തു.വ്യാഴാഴ്ച വൈകുന്നേരം ആറിന് നടക്കുന്ന സമാപന സമ്മേളനത്തിൽ ഉമാ തോമസ് എം.എൽ.എ, കൊച്ചി കോർപറേഷൻ മേയർ അഡ്വ: എം. അനിൽകുമാർ, കൊച്ചി നഗരസഭ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ റനീഷ്, കൗൺസിലർമാരായ അഞ്ജന ടീച്ചർ, ആന്റണി പയിനിതുറ, ബിന്ദു ശിവൻ, സുജ ലോനപ്പൻ, ബൻസി ബെന്നി, ലതിക ടീച്ചർ, പനമ്പള്ളി റെസിഡൻസ് വെൽഫെയർ അസോസിയേഷൻ പ്രസിഡൻറ് ജോർജ് കോര, ശുചിത്വ മിഷൻ ജില്ലാ കോഓഡിനേറ്റർ പി.എച്ച് ഷൈൻ, പി.എൻ.ആർ അസോസിയേഷൻ സെക്രട്ടറി മീന ബഞ്ചമിൻ എന്നിവർ പങ്കെടുക്കും. വിവിധ കലാപരിപാടികളോടെ രാത്രി ഒമ്പതിന് പ്രദർശന മേള അവസാനിക്കും.

## ടെണ്ടർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിൻറെ കീഴിൽ കളമശ്ശേരി നജാത്ത് നഗറിലുള്ള ഇടപ്പള്ളി അഡീഷണൽ ഐസിഡിഎസ് ഓഫീസ് ഉപയോഗത്തിനായി കരാർ അടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെർ സമർപ്പിക്കേ അവസാന തിയതി ഏപ്രിൽ 27 ഉച്ചക്ക് മൂന്നു വരെ. ഫോമിനും കൂടുതൽ വിവരങ്ങൾക്കും ഓഫീസ് ഫോൺ നമ്പറിൽ ബന്ധപ്പെടുക. 0484 2558060.
Email: cdpoedappallyaddl@gmail.com

## ബിസിനസ് ഗ്രോത്ത് പ്രോഗ്രാം

**കൊച്ചി:** കേരളത്തിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ (എംഎസ്എംഇ) പിന്തുണയ്ക്കുന്നതിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ്' (കെഐഇഡി) ന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എന്റർപ്രൈസ് ഡെവലപ്മെന്റ് സെന്റർ (ഇഡിസി) മുഖാന്തിരം ബിസിനസ് ഗ്രോത്ത് പ്രോഗ്രാം (ബിജിപി) നടപ്പിലാക്കുന്നു.എം.എസ്.എം.ഇ യെ അവരുടെ വിപുലീകരണം, സാമ്പത്തിക സ്ഥിരത, നവീകരണം എന്നിവയിൽ പിന്തുണയ്ക്കുക, എം.എസ്.എം.ഇ യൂണിറ്റുകളെ മത്സരാധിഷ്ഠിതവും വളർച്ചാ കേന്ദ്രീകൃതവുമാക്കുക, ബിസിനസ് കെപിഐയുടെ (സല്യ ുല്യ ളീൃാമിരല ശിറശരമീൃ) മൊത്തത്തിലുള്ള വളർച്ചയും തൊഴിൽ സൃഷ്ടിയും, മെന്റർഷിപ്പ് സെഷനുകളിലൂടെയും പരിശീലന പരിപാടികളിലൂടെയും ശരിയായ ബിസിനസ് ഇൻപുട്ടുകൾ നൽകുക എന്നിവയാണ് പ്രോഗ്രാമിന്റെ ലക്ഷ്യങ്ങൾ.മെന്റർഷിപ്പ്, ട്രെയിനിംഗ് സെഷനുകൾ, ഹാൻഡ് ഹോൾഡിംഗ് എന്നിവ സംയോജിപ്പിക്കുന്ന ആറ് മാസത്തെ പ്രോഗ്രാമിലൂടെ അവരുടെ പ്രവർത്തന കാര്യക്ഷമത, വിൽപ്പന വളർച്ച, ലാഭം, സുസ്ഥിരത എന്നിവ വർദ്ധിപ്പിക്കാൻ പ്രോഗ്രാം ലക്ഷ്യമിടുന്നു. ഒരു ബാച്ചിൽ കേരളത്തിൽ നിന്നുള്ള 20 സംരംഭകരെയായിരിക്കും ഉൾപ്പെടുത്തുന്നത്. സംരംഭകർക്ക് അവരുടെ പതിവ് ബിസിനസ് പ്രവർത്തനങ്ങൾ തടസ്സപ്പെടുത്താതെ പങ്കെടുക്കാൻ കഴിയുന്ന രീതിയിലായിരിക്കും പ്രോഗ്രാം നടപ്പിലാക്കുന്നത്.35 ലക്ഷത്തിനും 50 കോടിയ്ക്കും ഇടയിൽ വാർഷിക വിറ്റ് വരവുള്ള 10 വർഷത്തിന് താഴെയായി കേരളത്തിൽ പ്രവർത്തിച്ച് വരുന്ന ഉത്പാദന മേഖലയിലോ, പ്രത്യേകതയുള്ള സേവന മേഖലയിലോ ഉൾപ്പെട്ടിട്ടുള്ള എംഎസ്എംഇ യൂണിറ്റുകൾക്കാണ് ഈ പ്രോഗ്രാമിൽ പങ്കെടുക്കാനുള്ള അർഹത.താൽപ്പര്യമുള്ള സംരംഭകർക്ക് നിലവിലുള്ള ഒരു സംരംഭകനായി www.edckerala.org-ൽ രജിസ്റ്റർ ചെയ്യാനും തുടർന്ന് ബിസിനസ് ഗ്രോത്ത് പ്രോഗ്രാമിനുള്ള അപേക്ഷ പൂരിപ്പിക്കാനും കഴിയും. അപേക്ഷ ലഭിക്കാനുള്ള അവസാന തീയതി 2023 ഏപ്രിൽ 29 ആണ്. കൂടുതൽ വിവരങ്ങൾ www.edckerala.org വെബ് സൈറ്റിൽ ലഭ്യമാണ് സംശയ നിവാരണങ്ങൾക്ക് info@kied.in / 0484 2550322/2532890/7012376994/9605542061 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

# കാപ്പബ്ലാങ്ക ചെസ് സ്കൂൾ:അന്താരാഷ്ട്ര ചെസ് ടൂർണമെന്റ് സമാപിച്ചു



**തിരുവനന്തപുരം:** കാപ്പബ്ലാങ്ക ചെസ് സ്കൂൾ സംഘടിപ്പിച്ച അന്താരാഷ്ട്ര ചെസ് ടൂർണമെന്റ് സമാപിച്ചു. തിരുവനന്തപുരത്തെ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിലായിരുന്നു ഒരാഴ്ച നീണ്ടു നിന്ന മത്സരങ്ങൾ. രാജ്യത്തെ 18 സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സരാർഥികളാണ് വാശിയേറിയ മത്സരങ്ങളിൽ മാറ്റുരച്ചത്. അന്താരാഷ്ട്ര ചെസ് ഫെഡറേഷന്റെ (FIDE) നിയമാവലിയും മാനദണ്ഡങ്ങളും പൂർണമായും പാലിച്ചു കൊണ്ട് ക്ളാസ്സിക്, റാപിഡ്, ബ്ലിറ്റ്സ് എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് മത്സരങ്ങൾ നടന്നത്. 25 ലക്ഷം രൂപയുടെ സമ്മാനങ്ങൾ വിജയികൾക്ക് വിതരണം ചെയ്തു.റാപിഡ് ടൂർണമെന്റിൽ കേരളത്തിൽ നിന്നുള്ള ഇന്റർനാഷണൽ മാസ്റ്റർ ജുബിൻ ജിമ്മി ചാമ്പ്യനായി. തമിഴ്നാട് സ്വദേശി ഗ്രാൻഡ് മാസ്റ്റർ ഭരത് സുബ്രമണ്യം രണ്ടാം സ്ഥാനവും ആന്ധ്ര പ്രദേശിൽ നിന്നുള്ള ഭരത് കുമാർ റെഡ്ഢി പോരുളി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ക്ലാസിക് വിഭാഗത്തിൽ തെലങ്കാനയിൽ നിന്നുള്ള ഇന്റർനാഷണൽ മാസ്റ്റർ ചക്രവർത്തി റെഡ്ഢി ഒന്നാം സ്ഥാനവും മഹാരാഷ്ട്രയിൽ നിന്നുള്ള കിരൺ പണ്ഡിറ്റ് റാവു രണ്ടാം സ്ഥാനവും തമിഴ്നാടിൽ നിന്നുള്ള പീറ്റർ ആനന്ദ് മൂന്നാം സ്ഥാനവും നേടി. ബ്ലിറ്റ്സ് ടൂർണമെന്റ് ചാമ്പ്യൻഷിപ്പിൽ ആദ്യ രണ്ട് സ്ഥാനങ്ങൾ തമിഴ്നാട് സ്വദേശികളാണ് സ്വന്തമാക്കിയത്. ഇന്റർനാഷണൽ മാസ്റ്റർ രവി തേജ ഒന്നാം സ്ഥാനവും ഗ്രാൻഡ് മാസ്റ്റർ ഭാരത് സുബ്രമണ്യം രണ്ടാം സ്ഥാനവും നേടി.മത്സരാർത്ഥികൾക്ക് പുറമെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പരിശീലകർ, ചെസ് പ്രേമികൾ എന്നിവരും മേളയിൽ പങ്കെടുത്തു. ഈ വർഷം ഇന്ത്യയിൽ നടക്കുന്ന ഏറ്റവും വലിയ ചതുരംഗ മാമാങ്കങ്ങളിൽ ഒന്നിനാണ് കാപ്പബ്ലാങ്ക സ്കൂൾ വേദിയൊരുക്കിയത്. രാജ്യത്തിൻറെ വിവിധയിടങ്ങളിൽ നിന്ന് ചെസിൽ അഗ്രഗണ്യരായവരെയും അതിനെ സ്നേഹിക്കുന്ന സാധാരണക്കാരെയും ഒരുമിച്ച് കൊണ്ടുവരാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് കാപ്പബ്ലാങ്ക ചെസ് സ്കൂളിന്റെ സ്ഥാപക സിഇഒ വിജിൻ ബാബു എസ് പറഞ്ഞു. ചെസിന്റെ ആവേശം കൂടുതൽ പേരിലെത്തിക്കാൻ ഇനിയും ഇത്തരം ശ്രമങ്ങൾ തുടരും.ചെസിൽ മിടുക്കരായ കുട്ടികളെ വാർത്തെടുക്കുന്നതിന് വേണ്ടി നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്ന അപൂർവം സ്കൂളുകളിൽ ഏറ്റവും പേരെടുത്ത സ്ഥാപനമാണ് കാപ്പബ്ലാങ്ക ചെസ് സ്കൂൾ. പതിനാല് രാജ്യങ്ങളിൽ ഈ സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ഇതുവരെ പതിനായിരത്തിലധികം വിദ്യാർത്ഥികൾക്ക് ചതുരംഗത്തിൽ വിദഗ്ധ പരിശീലനം നൽകി. 2016 ൽ സ്ഥാപിക്കപ്പെട്ട ശേഷം കേരളത്തിൽ മാത്രം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും 25 ലേറെ പരിപാടികൾ സംഘടിപ്പിച്ചു. കേരളത്തിലെ ചെസ് പ്രേമികളിൽ നിന്നും 42 ഡിസ്ട്രിക്ട് ചാമ്പ്യന്മാരെയും 12 സംസ്ഥാനതല ചാമ്പ്യന്മാരെയും സൃഷ്ടിച്ചു

# സപ്ലൈകോ വിഷുറംസാൻ ഫെയറുകൾക്ക് തുടക്കമായി




**കൊച്ചി:** സപ്ലൈകോയുടെ വിഷു റംസാൻ ഫെയറുകൾക്ക് തുടക്കമായി. എറണാകുളം ജില്ലാ ഫെയർ, നഗരസഭ കൗൺസിലർ ബിന്ദു ശിവൻ സപ്ലൈകോ ഗാന്ധിനഗർ ഹൈപ്പർ മാർക്കറ്റിൽ ഉദ്ഘാടനം ചെയ്തു. ആദ്യ വില്പനയും ബിന്ദു ശിവൻ നിർവഹിച്ചു. ചടങ്ങിൽ സപ്ലൈകോ എറണാകുളം അസിസ്റ്റൻറ് റീജണൽ മാനേജർ സി. ജയഹരി അധ്യക്ഷനായിരുന്നു. ജൂനിയർ മാനേജർ അനിത, സപ്ലൈകോ ജീവനക്കാർ, തുടങ്ങിയവർ പങ്കെടുത്തു.ജില്ലാ ഫെയറിന് പുറമേ ആറിടത്ത് താലൂക്ക് ഫെയറുകളും സപ്ലൈകോ സംഘടിപ്പിക്കുന്നുണ്ട്.താലൂക്ക് ഫെയറിന്റെ ഉദ്ഘാടനം കരുവേലിപ്പടി ചുള്ളിക്കൽ പീപ്പിൾസ് ബസാറിൽ കെ ജെ. മാക്സി എംഎൽഎ നിർവഹിച്ചു. വിഷു റംസാൻ ഫെയറിലൂടെ വിലക്കുറവിൽ സാധനങ്ങൾ വിൽക്കുന്നത് ജനങ്ങൾക്ക് വളരെ ഉപകാരപ്രദമാണ്. സംസ്ഥാന സർക്കാരിൻറെ താൽപര്യങ്ങളെ വളരെ ഉത്തരവാദിത്വത്തോടെ നിർവഹിക്കുന്ന സപ്ലൈകോയുടെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്നും അദ്ദേഹം പറഞ്ഞു . ചടങ്ങിൽ കൗൺസിലർമാരായ ബാസ്റ്റിൻ ബാബു, എം. ഹബീബുള്ള, സപ്ലൈകോ ഡിപ്പോ മാനേജർ മറീന ജോൺ തുടങ്ങിയവർ പങ്കെടുത്തു.അങ്കമാലി, പെരുമ്പാവൂർ, കോതമംഗലം സൂപ്പർമാർക്കറ്റുകളിലും, പിറവം ഹൈപ്പർ മാർക്കറ്റിലും, ചുള്ളിക്കൽ , നോർത്ത് പറവൂർ എന്നിവിടങ്ങളിലെ പീപ്പിൾസ് ബസാറിലുമാണ് താലൂക്ക് ഫെയറുകൾ സംഘടിപ്പിക്കുന്നത്.ജില്ലാതല/താലൂക്ക്തല വിഷുറംസാൻ ഫെയറുകളിൽ നിലവിൽ സപ്ലൈകോ വിൽപ്പന നടത്തി വരുന്ന സബ്സിഡി, സബ്സിഡി ഇതര നിരക്കുകൾ പ്രകാരമുള്ള സാധനങ്ങൾ ലഭ്യമാക്കും. ഇതിനുപുറമേ ഈ ഫെയറുകളിൽ അരി, പഞ്ചസാര എന്നീ ഇനങ്ങൾക്കും തെരഞ്ഞെടുക്കപ്പെട്ട എഫ്.എം.സി.ജി. ഇനങ്ങൾക്കും തെരഞ്ഞെടുക്കപ്പെട്ട ശബരി ഇനങ്ങൾക്കും പ്രത്യേകം ഡിസ്ക്കൗണ്ട്/ഓഫർ ലഭ്യമാക്കും . വിഷു റംസാൻ ഫെയറുകൾ ഏപ്രിൽ 21 വരെ നീണ്ടുനിൽക്കും.

# ചെല്ലാനത്ത് ജിയോ ബാഗ് കടൽഭിത്തി നിർമ്മാണം; 14 ലക്ഷം രൂപ അനുവദിച്ചു

കൊച്ചി: ടെട്രാപോഡ് കടൽഭിത്തി പദ്ധതിയിൽ ഉൾപ്പെടാത്ത ചെല്ലാനം തീരപ്രദേശങ്ങളിൽ ജിയോ ബാഗ് ഉപയോഗിച്ചുള്ള കടൽ ഭിത്തി നിർമ്മിക്കാൻ ദുരന്തനിവാരണഫണ്ടിൽ നിന്നും 14 ലക്ഷം രൂപ അനുവദിച്ചു. പ്രശ്നബാധിത മേഖലകളായ കണ്ണമാലി, ചെറിയകടവ്, കാട്ടിപ്പറമ്പ് എന്നിവിടങ്ങളിലാണ് ജിയോ ബാഗ് കടൽഭിത്തി നിർമ്മിക്കുന്നത്. മൂന്ന് വാർഡുകളിലായി 420 മീറ്റർ നീളത്തിൽ ജല വിഭവ വകുപ്പാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. ജിയോ ഫിൽട്ടർ ബാഗ് വിരിച്ചശേഷം മണൽനിറച്ച് ഭിത്തി ഉയർത്തിയാണ് നിർമ്മാണം. സംസ്ഥാനത്ത് കടലേറ്റം ശക്തമായ 10 ഹോട്ട് സ്പോട്ടുകളിലൊന്നായ ചെല്ലാനത്ത് അടിയന്തരമായി വിന്യസിക്കുന്ന ജിയോ ബാഗുകൾ കടലാക്രമണം തടയാനുള്ള സ്ഥിരം സംവിധാനമല്ല. ഇവ പരമാവധി ഒരു വർഷം വരെയാണ് നിലനിൽക്കുക.ചെല്ലാനത്തെ ടെട്രാപോഡ് കടൽഭിത്തി നിർമ്മാണം പുരോഗമിക്കുകയാണെന്നും പദ്ധതിയുടെ ആദ്യഘട്ടമായ 7.2 കിലോമീറ്റർ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചതായും ചെല്ലാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എൽ ജോസഫ് പറഞ്ഞു.

# വിഷുവിന്റെ തനത് രുചികളൊരുക്കി ഓ ബൈ താമര

**തിരുവനന്തപുരം:**വിഷുവിന്റെ രുചികളുമായി തിരുവനന്തപുരം ഓ ബൈ താമര ഒരുങ്ങുന്നു. സ്വാദിഷ്ടമായ 27 വിഭവങ്ങളും മൂന്ന് തരം പായസങ്ങളും അടങ്ങുന്ന പരമ്പരാഗത സദ്യ, വിഷുദിനമായ ഏപ്രിൽ 15ന് ഓ കഫേയിൽ ഉച്ചയ്ക്ക് 12:00 മുതൽ 3:00 വരെ. ഏപ്രിൽ 15നുള്ളിൽ മുൻകൂട്ടി ബുക്ക് ചെയ്യുക.

# വിപിഎസ് ലേക്ഷോറിൽ സൗജന്യ ശബ്ദ പരിശോധന

**കൊച്ചി :** ലോക ശബ്ദദിനത്തിനോടനുബന്ധിച്ചു കൊച്ചി വിപിഎസ് ലേക്ഷോർ ആശുപത്രിയിൽ ഒരാഴ്ച നീളുന്ന വോയ്സ് വീക്ക് നടക്കും. വോയ്സ് വീക്കിന്റെ ഭാഗമായി ഏപ്രിൽ 17 മുതൽ 22 വരെ വോയ്സ് പാത്തോളജിസ്റ് കൺസൽട്ടേഷൻ, രജിസ്ട്രേഷൻ, വോയ്സ് തെറാപ്പി എന്നിവ തികച്ചും സൗജന്യമാണ്. വീഡിയോലാറിംഗോസ്കോപ്പിക്ക് 50 % ഇളവും നൽകുന്നുണ്ട്.അധ്യാപകർ, ഗായകർ, ഡബ്ബിങ് ആർട്ടിസ്റ്റുകൾ, റേഡിയോ ജോക്കികൾ, വാർത്താവതാരകർ, സീരിയൽ,സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾ, ഇൻസ്റ്റാഗ്രാം താരങ്ങൾ, യൂട്യൂബ് വ്ളോഗേഴ്സ്, പ്രഭാഷകർ, പ്രാസംഗികർ, സ്റ്റാൻഡ്അപ്പ് കൊമേഡിയന്മാർ എന്നിവർക്കാണ് സൗജന്യ വോയ്സ് തെറാപ്പി നൽകുന്നത്. രാവിലെ 10 മുതൽ 12 വരെയും ഉച്ചയ്ക്കുശേഷം 3 മുതൽ 5 വരെയുമാണ് കൺസൽട്ടേഷൻ സമയം. ബുക്കിംഗിന് വിളിക്കുക: 7559034000.

# മല്ലിക സാരാഭായി സംസ്കൃത സർവ്വകലാശാല സന്ദർശിച്ചു



**കൊച്ചി:** നർത്തകിയും പത്മഭൂഷൺ ജേത്രിയും കേരള കലാമണ്ഡലം കൽപിത സർവ്വകലാശാല ചാൻസലറുമായ മല്ലിക സാരാഭായി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സന്ദർശിച്ചു. സർവ്വകലാശാലയുടെ കാലടി മുഖ്യകേന്ദ്രത്തിലെത്തിയ മല്ലിക സാരാഭായിയെ വൈസ് ചാൻസല!ർ പ്രൊഫ. എം.വി. നാരായണൻ സ്വീകരിച്ചു. പ്രോവൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി സർവ്വകലാശാലയുടെ ഉപഹാരം നൽകി. കൂത്തമ്പലം, ഫൈൻ ആർട്സ് ബ്ലോക്ക് ഉൾപ്പെടെയുള്ള പഠനവിഭാഗങ്ങൾ മല്ലിക സാരാഭായ് സന്ദ!ർശിച്ചു. രജിസ്ട്രാർ ഡോ. എം.ബി. ഗോപാലകൃഷ്ണൻ, ഫിനാൻസ് ഓഫീസർ എസ്. സുനിൽകുമാർ എന്നിവർ സന്നിഹിതരായിരുന്നു.

# സൂചിക അവതരിപ്പിച്ച് എൻഎസ്ഇ

**കൊച്ചി:** ഇന്ത്യയിലെ ആദ്യത്തെ റിയൽ എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് (ആർഇഐടി ആന്റ് ഇൻവ്ഐടി) സൂചികയ്ക്ക് എൻഎസ്ഇ തുടക്കം കുറിച്ചു. ലിസ്റ്റു ചെയ്യുകയും ട്രേഡു ചെയ്യുകയും ചെയ്തിട്ടുള്ള ആർഇഐടി ആന്റ് ഇൻവ്ഐടി ഓഹരികളുടെ പ്രകടനം വിലയിരുത്തുകയാണ് സൂചികയിലൂടെ ലക്ഷ്യമിടുന്നത്. 2019 ജൂലൈ ഒന്ന് അടിസ്ഥാന സൂചികയും അടിസ്ഥാന മൂല്യം ആയിരവും ആയിരിക്കുന്ന വിധത്തിലാണ് സൂചിക.വിവിധ ആസ്തി വിഭാഗങ്ങൾക്ക് വിപണിയെ പ്രതിനിധീകരിക്കുന്ന അടിസ്ഥാന സൂചികകൾ ലഭ്യമാക്കുക എന്ന കാഴ്ചപ്പാടിന്റെ ഭാഗമായാണ് ഈ സൂചിക അവതരിപ്പിക്കുന്നതെന്ന് എൻഎസ്ഇ ഇൻഡീസസ് സിഇഒ മുകേഷ് അഗർവാൾ പറഞ്ഞു. നാഷണൽ സ്റ്റോക് എക്സ്ചേഞ്ചിന്റെ (എൻഎസ്ഇ) സബ്സിഡിയറിയായ എൻഎസ്ഇ ഇൻഡീസസാണ് പുതിയ സൂചിക പുറത്തിറക്കിയത്.

# കൊച്ചി ലുലു മാളിൽ ഇ വി സൂപ്പർ ചാർജിങ്ങ് സ്റ്റേഷൻ തുറന്ന് ഗോ ഇ സി ഓട്ടോടെക്

**കൊച്ചി:** കേരള സ്റ്റാർട്ടപ്പായ ഗോ ഇ സി ഓട്ടോടെക് പ്രൈവറ്റ് ലിമിറ്റഡ് ഇ വി ചാർജിങ് നെറ്റ്‌വർക്ക്, കൊച്ചി ലുലു മാളിൽ ഇലക്ട്രിക് വെഹിക്കിൾസ് സൂപ്പർ ചാർജിംഗ് സ്റ്റേഷൻ ആരംഭിച്ചു. ലുലു മാളിലെ എൻഎച്ച് 17 എക്സിറ്റ് ഏരിയയിൽ സ്ഥാപിച്ച ഗോ ഇ സി (https://www.goecworld.com ) സ്റ്റേഷൻ, എറണാകുളം എംപി ഹൈബി ഈഡൻ ഉദ്ഘാടനം ചെയ്തു. വാഹന മേഖലയുടെ ഭാവി ഇലക്ട്രിക് ആണെന്നും, ഉപഭോക്താക്കൾക്ക് സുസ്ഥിരമായ മൊബിലിറ്റി സൊല്യൂഷനുകൾ നൽകുന്നതിന് ഗോ ഇ സി പ്രതിജ്ഞാബദ്ധരാണെന്നും കമ്പനിയുടെ സിഇഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ പി ജി രാംനാഥ് പറഞ്ഞു. കാർബൺ പുറംതള്ളൽ കുറച്ചുകൊണ്ട്, ആളുകളുടെ യാത്രാ സംസ്കാരത്തിൽ വിപ്ലവകരമായ മാറ്റം കൊണ്ട് വരാനാണ് ലക്ഷ്യമിടുന്നത്. കൊച്ചി ലുലു മാളിൽ ഇ വി സൂപ്പർചാർജിംഗ് സ്റ്റേഷൻ ആരംഭിക്കുന്നത്, കമ്പനിയുടെ സ്ഥാപിത ലക്ഷ്യത്തിന് കൂടുതൽ കരുത്തേകും.ഇലക്ട്രിക് വാഹനങ്ങളിലേക്കുള്ള മാറ്റം പരിസ്ഥിതി സൗഹൃദം മാത്രമല്ല, ദീർഘകാലാടിസ്ഥാനത്തിൽ ചെലവ് കുറഞ്ഞതുമാണ്. ചാർജിംഗ് സൗകര്യങ്ങൾ വിപുലീകരിച്ച് എല്ലാവർക്കും ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രായോഗികമാക്കാനാണ് തങ്ങൾ ശ്രമിക്കുന്നത്. പുതിയ ചാർജിംഗ് സ്റ്റേഷൻ, പ്രദേശത്തെ ഇ വി ഉടമകൾക്ക് വേഗതയേറിയതും കാര്യക്ഷമവുമായ ചാർജിംഗ് അനുഭവം നൽകുമെന്നും പി ജി രാംനാഥ് വ്യക്തമാക്കി.ലുലു മാളുമായി ഗോ ഇ സി കൈകോർക്കുന്ന രണ്ടാമത്തെ ഔട്ട്ലെറ്റാണ് കൊച്ചിയിലേത്. നേരത്തേ തിരുവനന്തപുരം ലുലു മാളിൽ സ്ഥാപിച്ചിരുന്നു. കൊച്ചിയിലെ പുതിയ ചാർജിംഗ് സ്റ്റേഷൻ പൂർണ്ണമായും 'മാൻലെസ്'മെഷീനാണ് . നാല് പോർട്ടുകളാണ് ഇവിടെയുള്ളത്. ഫോർ വീൽ വാഹനങ്ങൾക്ക് അതിവേഗ ചാർജിംഗ് ഓപ്ഷനുകളും, ഇരുചക്ര വാഹനങ്ങൾക്ക് സ്ലോ ചാർജിംഗ് പോർട്ടും വാഗ്ദാനം ചെയ്യുന്നുവെന്നും അദ്ദേഹം പറഞ്ഞു.ഫാസ്റ്റ് ചാർജിംഗ് ഓപ്ഷനുകളിൽ 30കെവി സിംഗിൾ സ്ലോട്ടും, 60കെവി ടൂസ്ലോട്ടും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇരുചക്രവാഹനങ്ങൾക്കുള്ള സ്ലോ ചാർജിംഗ് ഓപ്ഷൻ 3.3 കെവി ശേഷിയുള്ളതാണ്. ഒരേ സമയം നാല് വാഹനങ്ങൾക്ക് ഇവിടെ ചാർജ് ചെയ്യാം. ഒരു യൂണിറ്റിന് 18 രൂപയും ജിഎസ്ടിയുമാണ് നിരക്ക്. ഒരു വാഹനം പൂർണമായി ചാർജ് ചെയ്യാൻ 30 മുതൽ 45 മിനിറ്റ് വരെയാണ് സമയം എടുക്കുക. ഭാവിയിൽ ലുലു ഗ്രൂപ്പിന് കീഴിലുള്ള മറ്റ് മാളുകളിലും ഗോ ഇ സി സൂപ്പർ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുമെന്നും അദ്ദേഹം പറഞ്ഞു.. ഗോ ഇ സിയുമായുള്ള പങ്കാളിത്തത്തിൽ ഏറെ സന്തോഷമുണ്ടെന്ന് ലുലു ഇന്ത്യ ഷോപ്പിംഗ് മാൾ ഡയറക്ടർ ഷിബു ഫിലിപ്പ് പറഞ്ഞു. ലുലു കൊച്ചി ഓപ്പറേഷൻസ് വിഭാഗം സീനിയർ മാനേജർ സുകുമാരൻ ഒ, ലുലു കൊച്ചി ജിഎം ഹരി സുഹാസ് എം, ഗോ ഇ സി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എ പി ജാഫർ, ഗോ ഇ സി ഡയറക്ടർ സാറ എലിസബത്ത്, മാർക്കറ്റിംഗ് ഹെഡ് ജോയൽ യോഹന്നാൻ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.



# ലിമിറ്റ്ലെസ് എഫ്എസ്1 സ്മാർട്ട് വാച്ച് പുറത്തിറക്കി ഫാസ്റ്റ്ട്രാക്ക്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ യൂത്ത് അസസ്സറീസ് ബ്രാൻഡ് ആയ ഫാസ്റ്റ്ട്രാക്ക് പുതുതലമുറയ്ക്കുവേണ്ടിയുള്ള ഫാഷൻ ടെക് വാച്ച് പരമ്പരയായ ലിമിറ്റ്ലെസ് ആമസോൺ ഫാഷനിൽ അവതരിപ്പിച്ചു. ഫാസ്റ്റ്ട്രാക്ക് ലിമിറ്റ്ലെസ് എഫ്എസ്1 സ്മാർട്ട് വാച്ച് സിംഗിൾ സിങ്ക് ബിടി കോളിങ്ങിലൂടെ തടസങ്ങളില്ലാത്ത കോളുകൾ സാധ്യമാക്കുന്ന അതിവേഗ എടിഎസ് ചിപ്സെറ്റുമായാണ് എത്തുന്നതെന്ന് ടൈറ്റൻ കമ്പനി സ്മാർട്ട് വെയറബിൾസ് സിഇഒ രവി കൂപ്പുരാജ് പറഞ്ഞു.ആമസോൺ ഫാഷനിൽ 1995 രൂപയ്ക്കാണ് ഫാസ്റ്റ്ട്രാക്ക് ലിമിറ്റ്ലെസ് എഫ്എസ്1 ലഭ്യമാകുക. ബ്രാൻഡിന്റെ ഏറ്റവും വലിയ ഡിസ്പ്ലേ ആയ 1.95 ഹൊറൈസൺ കർവ് ഡിസ്പ്ലേയുമായാണ് പുതിയ വാച്ച് എത്തുന്നത്.ഫാസ്റ്റ്ട്രാക്ക് ലിമിറ്റ്ലെസ് എഫ്എസ്1 വാച്ചിൽ സ്വയം മാറ്റാവുന്ന 150ൽ ഏറെ വാച്ച് ഫെയ്സുകളുണ്ട്. ഇതിനു പുറമെ ഓട്ടം, നടത്തം തുടങ്ങിയ സ്വയം തിരിച്ചറിയുന്ന സ്പോർട്ട് മോഡുകളുമുണ്ട്. നൂറിൽ പരം സ്പോർട് മോഡുകളാണുള്ളത്. ഓരോ വ്യക്തിയുടേയും സവിശേഷതകളോ അവർ പങ്കെടുക്കുന്ന ചടങ്ങുകളോ അനുസരിച്ചുള്ള പ്രത്യേകതകൾ നൽകുന്ന രീതിയിലാണ് വാച്ച് ഫെയ്സുകൾ രൂപകൽപന ചെയ്തിട്ടുള്ളത്. സ്മാർട്ട് നോട്ടിഫിക്കേഷനുകളും പത്തു ദിവസം വരെയുള്ള ബാറ്ററി ലൈഫും വഴി എപ്പോഴും കണക്ടഡ് ആയിരിക്കാൻ സഹായിക്കുകയും ചെയ്യും. ബ്ലാക്, ബ്ലൂ. പിങ്ക് എന്നീ മൂന്നു നിറങ്ങളിലാണ് ഇതു ലഭിക്കുക.ബ്ലൂടൂത്ത് 5.3 വേർഷനും തടസങ്ങളില്ലാത്ത ടച്ച് അനുഭവവും വഴി വാച്ചുമായുള്ള കണക്ടിവിറ്റിയിൽ ഒട്ടും തന്നെ ലാഗ് ഇല്ലാത്ത അനുഭവമായിരിക്കും ഉപഭോക്താക്കൾക്കു ലഭ്യമാകുക. ലിമിറ്റ്ലെസ് പരമ്പരയിൽ അഞ്ചു സ്മാർട്ട് വാച്ചുകളാവും ഉണ്ടാകുക. എഫ്എസ്1 ഇതിൽ ആദ്യത്തേതാണ്. ആധുനിക ആരോഗ്യ നിരീക്ഷണ സംവിധാനങ്ങളായ തുടർച്ചയായ സ്ട്രെസ് മോണിറ്ററിംഗ്, ഓട്ടോ സ്ലീപ് ട്രാക്കിങ്, മുഴുവൻ സമയ ഹാർട്ട് റേറ്റ് മോണിറ്ററിംഗ് തുടങ്ങിയവയും ഇതിലുണ്ട്.പ്രവർത്തനവും സ്റ്റൈലും കൊണ്ട് ഉപഭോക്താക്കളെ ആകർഷിക്കുന്ന ഫാഷൻ ഫോർവേഡ് സ്മാർട്ട് വാച്ചുകളാണ് ലിമിറ്റ്ലെസ് പരമ്പര അവതരിപ്പിക്കുന്നതിലൂടെ തങ്ങൾ മുന്നോട്ടു വെക്കുന്നതെന്നും രവി കൂപ്പുരാജ് പറഞ്ഞു. ബിൽറ്റ് ഇൻ അലക്സ അവതരിപ്പിക്കുന്ന ലിമിറ്റ്ലെസ് പരമ്പരയിലെ ആദ്യ വാച്ചാണ് എഫ്എസ്1. കൈത്തണ്ടയിൽ ഏറ്റവും മികച്ച വിർച്വൽ അസിസ്റ്റൻറ് ഉണ്ടെന്ന് ഉറപ്പാക്കാൻ ഇതിലൂടെ ഉപഭോക്താക്കൾക്കു സാധിക്കും. ഗുണമേൻമയുടെ കാര്യത്തിൽ ഫാസ്റ്റ്ട്രാക്കിനുള്ള പ്രതിബദ്ധത ഉത്പന്ന വികസനത്തിലെ സുപ്രധാന ഘടകമാണ്. ഇന്നത്തെ ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച ഫാഷനും സാങ്കേതികവിദ്യയും നൽകാനാണ് തങ്ങൾ ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.ഫാസ്റ്റ്ട്രാക്കിന്റെ ഏറ്റവും പുതിയ ഫാഷൻ ടെക് സ്മാർട്ട് വാച്ചായ എഫ്എസ്1 ആമസോൺ ഫാഷനിലൂടെ അവതരിപ്പിക്കുന്നതിൽ തങ്ങൾക്കേറെ ആവേശമുണ്ടെന്ന് ആമസോൺ ഫാഷൻ ഇന്ത്യയുടെ ഡയറക്ടറും മേധാവിയുമായ സൗരഭ് ശ്രീവാസ്തവ പറഞ്ഞു. എടിഎസ് ചിപസെറ്റ്, തടസങ്ങളില്ലാത്ത കോളിങ്, ടച്ച് അനുഭവം, തടസമില്ലാത്ത കണക്ടിവിറ്റി, മിന്നുന്ന പ്രകടനം തുടങ്ങിയ നിരവധി സവിശേഷതകളുള്ള ലിമിറ്റ്ലസ് എഫ്എസ്1 യുവതലമുറയെ ആകർഷിക്കും. ഫാഷനു വേണ്ടി ജനങ്ങൾ ഷോപ്പു ചെയ്യുന്ന രീതി മാറ്റുകയും എളുപ്പത്തിൽ നേടാവുന്ന ഉത്പന്നങ്ങൾ താങ്ങാനാവുന്ന വിലയ്ക്ക് ലഭ്യമാക്കുകയും ചെയ്ത് തങ്ങളുടെ നിര വിപുലമാക്കാനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.



# സോണി ഡബ്ല്യുഎച്ച്സിഎച്ച്520 ഹെഡ്ഫോണുകൾ അവതരിപ്പിച്ചു



**കൊച്ചി:** സോണി ഇന്ത്യ പുതിയ ഡിജിറ്റൽ സൗണ്ട് എൻഹാൻസ്മെന്റ് എഞ്ചിനോട് കൂടിയ (ഡിഎസ്ഇഇ) ഡബ്ല്യുഎച്ച്സിഎച്ച്520 ഹെഡ്ഫോണുകൾ വിപണിയിൽ അവതരിപ്പിച്ചു. അതിവേഗ ചാർജിങ്ങിൽ 50 മണിക്കൂർ വരെ ബാറ്ററി ലൈഫാണ് ഹെഡ്ഫോണുകൾ വാഗ്ദാനം ചെയ്യുന്നത്. ഡിവൈസുകൾ തമ്മിലുള്ള എളുപ്പത്തിലുള്ള കണക്റ്റിവിറ്റിക്കായി മൾട്ടിപോയിന്റ് കണക്ഷനും ഡബ്ല്യുഎച്ച്സിഎച്ച്520 ഹെഡ്ഫോണുകളുടെ സവിശേഷതയാണ്.

ഏപ്രിൽ 11 മുതൽ സോണി റീട്ടെയിൽ, പ്രധാന ഇലക്ട്രോണിക് സ്റ്റോറുകൾ, മറ്റു ഇകൊമേഴ്സ് വെബ്സൈറ്റുകൾ എന്നിവിടങ്ങളിൽ ഡബ്ല്യു എച്ച് സിഎച്ച്520 ഹെഡ്ഫോണുകൾ ലഭ്യമാണ്. 4,490 രൂപയാണ് വില.

# 'റാവിസ് പ്രതിധ്വനി സെവൻസ് ഫുട്ബോൾ' ടൂർണമെന്റ്; രജിസ്ട്രേഷൻ ആരംഭിച്ചു

**തിരുവനന്തപുരം:** ഐ.ടി ജീവനക്കാരുടെ ക്ഷേമ സംഘടന ആയ പ്രതിധ്വനി സംഘടിപ്പിക്കുന്ന ടെക്നോപാർക്കിലെ വിവിധ ഐ.ടി കമ്പനികൾ തമ്മിൽ മാറ്റുരയ്ക്കുന്ന 'റാവിസ് പ്രതിധ്വനി സെവൻസ്' ഫുട്ബോൾ ടൂർണമെന്റിന്റെ ആറാം എഡിഷന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. 'റാവിസ് ഹോട്ടൽ ഗ്രൂപ്പി'ന്റെയും 'യൂഡി പ്രൊമോഷൻസ്' ന്റെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന ടൂർണമെന്റിൽ നൂറിലധികം ഐ,ടി കമ്പനികളിൽ നിന്നുള്ള രണ്ടായിരത്തിലധികം ഐ.ടി ജീവനക്കാർ പങ്കെടുക്കും. ഏപ്രിൽ അവസാന വാരം തുടങ്ങി ജൂൺ അവസാന വാരം വരെ, പത്താഴ്ച നീണ്ടു നിൽക്കുന്ന ടൂർണമെന്റിൽ ഏപ്രിൽ 15 വരെ രജിസ്റ്റർ ചെയ്യാം. മത്സരങ്ങളുടെ ഷെഡ്യൂൾ ഏപ്രിൽ 22ന് പ്രസിദ്ധീകരിക്കും. രജിസ്ട്രേഷൻ ലിങ്ക്: https://forms.gle/qs7V6TV4KTzgWQDCA.രണ്ട് ഫെയ്സുകളിലായി ടെക്നോപാർക്ക് ഗ്രൗണ്ടിൽ നടക്കുന്ന ടൂർണമെന്റിന്റ ഇരു ഫെയ്സിലും ആദ്യ റൗണ്ട് മത്സരങ്ങൾ ലീഗ് അടിസ്ഥാനത്തിലും പിന്നീട് നോക്കൗട്ട് അടിസ്ഥാനത്തിലും ആയിരിക്കും നടത്തപ്പെടുക. ഒന്നാം സ്ഥാനം നേടുന്ന ടീമിന് ഇരുപത്തിഅയ്യായിരം രൂപയും എവർ റോളിംഗ് ട്രോഫിയും ലഭിക്കും. അതോടൊപ്പം റാവിസ് ഹോട്ടൽസും യൂഡി പ്രമോഷൻസും നൽകുന്ന നിരവധി സമ്മാനങ്ങളും വിജയികൾക്ക് ഉണ്ടാകും. ടൂർണമെന്റിലെ മികച്ച കളിക്കാരനും ഏറ്റവും കൂടുതൽ ഗോൾ നേടുന്ന കളിക്കാരനും മികച്ച ഗോൾകീപ്പർക്കും പ്രത്യേകം പുരസ്കാരങ്ങൾ ലഭിക്കും. ഓരോ കളികൾക്കു ശേഷവും ഏറ്റവും മികച്ച കായികതാരത്തിനു പ്ലയർ ഓഫ് ദി മാച്ച് ട്രോഫിയും 'യൂഡി' നൽകുന്ന പ്രത്യേകം സമ്മാനങ്ങളും ഉണ്ടാകും. മത്സരങ്ങൾ കാണാൻ എത്തുന്നവർക്കും നിരവധി മത്സരങ്ങളും സമ്മാനങ്ങളും പ്രതിധ്വനിയും റാവിസും ചേർന്നൊരുക്കിയിട്ടുണ്ട്.

# നിശ്ചിത് ഭവിഷ്യ പ്ലാനുമായി റിലയൻസ് നിപ്പോൺ ലൈഫ് ഇൻഷുറൻസ്

RELIANCE NIPPON LIFE INSURANCE
A RELIANCE CAPITAL COMPANY

**കൊച്ചി:** റിലയൻസ് നിപ്പോൺ ലൈഫ് ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് പുതിയ ഇൻഷൂറൻസ് പ്ലാൻ റിലയൻസ് നിപ്പോൺ ലൈഫ് നിശ്ചിത് ഭവിഷ്യ ആരംഭിച്ചു. നികുതി രഹിത വരുമാനം ഉറപ്പാക്കുകയും അതോടൊപ്പം വരുമാന ആനുകൂല്യ വർദ്ധന വാഗ്ദാനം നൽകുകയും ചെയ്യുന്ന നോൺലിങ്ക്ഡ്, നോൺപാർട്ടിസിപ്പേറ്റിങ്ങ്, വ്യക്തിഗത സമ്പാദ്യ ലൈഫ് ഇൻഷൂറൻസ് പദ്ധതിയാണിത്. സർവൈവൽ, മെച്ച്യുരിറ്റി എന്നിവയ്ക്ക് മേൽ ഉറപ്പായും ആനുകൂല്യം,വർദ്ധിച്ചു വരുന്ന ജീവിത ചെലവുകൾ മറികടക്കാൻ വർദ്ധിച്ചു കൊണ്ടിരിക്കുന്ന വരുമാന ആനുകൂല്യം,പ്രീമിയം അടയ്ക്കുന്ന ഘട്ടത്തിൽ ഉയർന്ന ഡെത്ത് കവർ (വാർഷിക പ്രീമിയത്തിന് 1137 എക്സ്) അതോടൊപ്പം മൊത്തം പോളിസി കാലാവധിയിലും സംരക്ഷണ ആനുകൂല്യങ്ങൾ,തുടക്ക പ്രായങ്ങൾ മുതൽ വിരമിക്കാൻ അടുക്കുന്ന പ്രായങ്ങൾ വരെ ലൈഫ് കവർ. 5 മുതൽ 50 വയസ്സ് വരെ പ്രവേശനം.റൈഡറുകൾ തെരഞ്ഞെടുത്തു കൊണ്ട് സംരക്ഷണം മെച്ചപ്പെടുത്തുവാനുള്ള ഓപ്ഷൻ എന്നിവ നിശ്ചിത് ഭവിഷ്യ പ്ലാനിന്റെ സവിശേഷതയാണ്.

# ’ഹെൽത്തി ഏജിങ്ങ്’ ; അന്താരാഷ്ട്ര സമ്മേളനം ഏപ്രിൽ 21 ന് കൊച്ചിയിൽ

**കൊച്ചി:** ’ഹെൽത്തി ഏജിങ്ങ്’ പ്രഥമ അന്താരാഷ്ട്ര സമ്മേളനത്തിന് കൊച്ചി വേദിയാകുന്നു.ഏജിങ്ങ്, ജെറിയാട്രിക്സ്, റിട്ടയർമെന്റ് ലിവിങ്ങ് രംഗത്ത് പ്രവർത്തിക്കുന്ന വിവിധ അന്താരാഷ്ട്ര സംഘടനകളുടെയും, കേന്ദ്ര സംസ്ഥാന ഏജൻസികളുടെയും സഹകരണത്തോടെ കൊച്ചിയിലെ ബ്ലെസ് റിട്ടയർ ലിവിങ്ങ് സംഘടിപ്പിക്കുന്ന സമ്മേളനം ഏപ്രിൽ 21 മുതൽ 23 വരെ തൃക്കാക്കര ചിറ്റിലപ്പിള്ളി സ്ക്വയറിലാണ് നടക്കുന്നത്. വ്യവസായ മന്ത്രി പി. രാജീവ് സമ്മേളനം ഉദ്ഘാടനം ചെയ്യും. പ്രതിപക്ഷ നേതാവ് വിഡി സതീശൻ മുഖ്യ പ്രഭാഷണം നടത്തും. ബെന്നി ബഹനാൻ എംപി അധ്യക്ഷത വഹിക്കും.പിവി ശ്രീനിജിൻ എംഎൽഎ, ദില്ലിയിലെ സംസ്ഥാനത്തിന്റെ ഔദ്യോഗിക പ്രതിനിധി കെവി തോമസ് എന്നിവർ സംസാരിക്കും.കേരളത്തിന്റെ ജെറിയാട്രിക് പോളിസി സംബന്ധിച്ച പ്രത്യേക സെഷൻ  ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. മുൻ ധനകാര്യ മന്ത്രി ഡോ. ടി എം തോമസ് ഐസക്, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ എ അഞ്ജന എന്നിവർ പങ്കെടുക്കും. ആയുർ ദൈർഘ്യം വർധിക്കുന്ന പശ്ചാത്തലത്തിൽ പ്രായമായവരുടെ ജനസംഖ്യ ലോകമാകമാനം ഉയരുകയാണെന്നും അവരുടെ വിവിധങ്ങളായ ആവശ്യകതകളെ സമഗ്രമായി അഭിസംബോധന ചെയ്യുന്നതായിരിക്കും സമ്മേളനമെന്നും  ബ്ലെസ് റിട്ടയർമെന്റ് ലിവിങ് ചെയർമാൻ ബാബു ജോസഫ്, മാനേജിങ് ഡയറക്ടർ ജിജോ ആന്റണി എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.റിട്ടയർമെന്റ് ജീവിതം ഫലപ്രദവും, ആരോഗ്യകരവും സന്തോഷകരവുമായി എങ്ങനെ വിനിയോഗിക്കാം എന്നതിനുള്ള വിവിധ ഉപാധികളും, മാതൃകകളും, ആശയങ്ങളും സമ്മേളനം ചർച്ച ചെയ്യും. 15 സെഷനുകളാകും ഉണ്ടാവുക. വിവിധ ഉൽപ്പന്നങ്ങളും സേവനങ്ങളും പരിചയപ്പെടുത്തുന്ന എക്സിബിഷൻ, ഈ രംഗത്ത് അവസരങ്ങൾ അന്വേഷിക്കുന്നവർക്കുള്ള കൺസൾട്ടേഷൻ, ശ്രദ്ധേയ മാതൃകകൾ നേരിട്ടു കാണാൻ അവസരം നൽകുന്ന സൈറ്റ് വിസിറ്റുകൾ എന്നിവയും ഒരുക്കിയിട്ടുണ്ട്.ജെറിയാട്രിക്, ഏജിങ്ങ്, റിട്ടയർമെൻറ് ലിവിങ്ങ് രംഗത്തെ ആഗോള പ്രമുഖർ, സർക്കാർ പ്രതിനിധികൾ, ഉല്പന്ന നിർമാതാക്കൾ, ആരോഗ്യ സേവന ദാതാക്കൾ, നയ രൂപീകരണ വിദഗ്ധർ, എൻജിഒകൾ, സ്റ്റാർട്ടപ്പുകൾ, തൊഴിൽ ദായകർ, അക്കാദമിക് രംഗത്തുള്ളവർ, ധനകാര്യ സേവന ദാതാക്കൾ, അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്നവർ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്. ഈ രംഗത്തെ ആഗോള പ്രമുഖർ പ്രഭാഷകരായി എത്തും. കേരളത്തിന്റെ സവിശേഷ സാമൂഹ്യ പശ്ചാത്തലത്തിൽ റിട്ടയർമെൻറ് ലിവിങ്ങ്, ജെറിയാട്രിക് എന്നിവ ഉദിച്ചുയരുന്ന, അവസരങ്ങളുടെ ധാരാളിത്തമുള്ള  മേഖലയാണ്. അടുത്ത 10 വർഷത്തിൽ ആയിരത്തിലധികം റിട്ടയർമെന്റ് ലിവിങ്ങ് സൗകര്യങ്ങളുടെ ആവശ്യകത കേരളത്തിലുണ്ടാകുമെന്നാണ് അനുമാനം.  റിട്ടയർമെന്റ് ലിവിങ്ങ് ഹോമുകൾ, ഉൽപ്പന്ന നിർമാതാക്കൾ, സ്റ്റാർട്ടപ്പുകൾ, സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ, കൺസൾട്ടൻസി, വിദേശ തൊഴിൽ ഏജൻസികൾ, ജെറിയാട്രിക് കെയർ, നഴ്സിങ്ങ് ഹോം, ഫുഡ് സപ്ലിമെൻറുകൾ എന്നിവയെല്ലാം ഈ അവസരങ്ങളിൽ ഉൾപ്പെടുന്നു. ആഗോള തലത്തിൽ 30 ലക്ഷം തൊഴിലവസരങ്ങൾ ഈ മേഖല പുതുതായി സൃഷ്ടിക്കുമെന്നാണ് കണക്കാക്കുന്നത്. അത് കേരളത്തിന് വൻ തോതിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. പുതിയ ഉല്പന്നങ്ങൾക്കും, സേവനങ്ങൾക്കുമുള്ള വർധിക്കുന്ന ആവശ്യകത നവ സംരംഭകർക്കും, സ്റ്റാർട്ടപ്പുകൾക്കും സാധ്യതകൾ തുറക്കും. സംസ്ഥാനത്തെ നിർമാണ പ്രവർത്തനങ്ങളിൽ ജെറിയാട്രിക്സ് സ്വാധീനം ചെലുത്തും. ആശുപത്രികളിൽ ജെറിയാട്രിക് സ്പെഷ്യലൈസേഷൻ അനിവാര്യമായി മാറും. കേരളത്തിന്റെ സംരംഭ, തൊഴിൽ, ആരോഗ്യ മേഖലകളിൽ നിർണയക സ്വാധീനം ചെലുത്താൻ പോകുന്ന ഒരു മേഖല എന്ന നിലയിൽ ഈ രംഗത്ത് നടക്കുന്ന ആദ്യ അന്താരാഷ്ട്ര കോൺക്ലേവിന് ആതിഥ്യം വഹിക്കാൻ സംസ്ഥാനത്തിന് കഴിയുന്നത് ഏറെ ഗുണകരമാകുമെന്നും ഇവർ വ്യക്തമാക്കി.23 ന് നടക്കുന്ന സമാപന സമ്മേളനത്തിൽ ഹൈബി ഈഡൻ എംപി,ഉമ തോമസ് എംഎൽഎ എന്നിവർ പങ്കെടുക്കും.




# വീഡിയോ എഡിറ്റിങ്: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സർക്കാർ സ്വയംഭരണ സ്ഥാപനമായ കേരള മീഡിയ അക്കാദമിയുടെ തിരുവനന്തപുരം സെന്ററിൽ അടുത്ത മാസം തുടങ്ങുന്ന വീഡിയോ എഡിറ്റിങ് സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ 6 മാസമാണ് കോഴ്സിന്റെ കാലാവധി. 30 പേർക്കാണ് പ്രവേശനം. നൂതന സോഫ്റ്റ്‌വെയറുകളിൽ പരിശീലനം നൽകും. കോഴ്സിന്റെ ഭാഗമായി പ്രായോഗിക പരിശീലനവും നൽകും. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 30,000 രൂപയാണ് ഫീസ്. പട്ടികജാതി/പട്ടികവർഗ/ഒ.ഇ.സി വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കും. പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് ooo. സലൃമഹമാലറശമമരമറലാ്യ.ീൃഴ വെബ്സൈറ്റിലൂടെ ഓൺലൈനായോ, ശാസ്തമംഗലത്തുള്ള അക്കാദമി സെന്ററിൽ നേരിട്ടോ അപേക്ഷ സമർപ്പിക്കാം. അപേക്ഷാഫീസ് 300 രൂപ (പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് 150 രൂപ) ഇട്രാൻസ്ഫർ/ ബാങ്ക് മുഖേന അടച്ച രേഖയും, സർട്ടിഫിക്കറ്റുകളുടെ പകർപ്പും അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 30. കൂടുതൽ വിവരങ്ങൾക്ക് ഫോൺ:0471 2726275, 0484 2422275, 6282692725.

# ’അടി ’ ഏപ്രിൽ 14 ന് തീയ്യറ്ററുകളിലേക്ക്

**കൊച്ചി:** ദുൽഖർ സൽമാന്റെ വേഫററെർ ഫിലിംസ് നിർമ്മിച്ച് ഷൈൻ ടോം ചാക്കോയും അഹാന കൃഷ്ണയും കേന്ദ്ര കഥാപാത്രങ്ങളിലെത്തുന്ന അടി ഏപ്രിൽ 14 ന് തീയ്യറ്ററുകളിൽ പ്രദർശനത്തിന് എത്തും. കുടുംബപ്രേക്ഷകർക്കു ചിരിക്കാനും ചിന്തിപ്പിക്കാനുമുള്ള നിമിഷങ്ങൾ സമ്മാനിക്കുമെന്നുറപ്പ് നൽകുകന്നതാണ് ചിത്രത്തിന്റെ ട്രെയ്‌ലർ.സജീവ് ആയി ഷൈൻ ടോമും ഗീതികയായി അഹാന കൃഷ്ണയും തങ്ങളുടെ കരിയർ ബെസ്ററ് പ്രകടനം കാഴ്ചവച്ച ചിത്രമാണ് അടി. ജീവിതയാഥാർഥ്യങ്ങളോട് ചേർന്ന് നിൽക്കുന്ന കഥയിൽ നർമ്മ മുഹൂർത്തങ്ങൾ കൂടി ചേരുന്ന ചിത്രമായ അടി എല്ലാത്തരം പ്രേക്ഷകരെയും തൃപ്തിപ്പെടുത്തുന്ന ചിത്രമായിരിക്കുമെന്ന് അണിയറ പ്രവർത്തകർ പറയുന്നു.ലില്ലി, അന്വേഷണം എന്നീ ചിത്രങ്ങൾ ഒരുക്കിയ പ്രശോഭ് വിജയനാണ് ചിത്രത്തിന്റെ സംവിധാനം. ഇഷ്കിന്റെ തിരക്കഥാകൃത്ത് രതീഷ് രവിയുടേതാണ് തിരക്കഥ. ധ്രുവൻ, ബിറ്റോ ഡേവിസ്, ശ്രീകാന്ത് ദാസൻ,അനു ജോസഫ്, എന്നിവർ മറ്റു പ്രധാന വേഷങ്ങളിലെത്തുന്നു. ഗോവിന്ദ് വസന്തയാണ് ചിത്രത്തിന്റെ സംഗീത സംവിധാനം നിർവഹിച്ചിരിക്കുന്നത്.അടിയുടെ അണിയറ പ്രവർത്തകർ ഇവരാണ്. നിർമ്മാണം : ദുൽഖർ സൽമാൻ, ജോം വർഗീസ്, സംഗീത സംവിധാനം : ഗോവിന്ദ് വസന്ത, ഛായാഗ്രഹണം : ഫായിസ് സിദ്ധിഖ്.  സുഡാനി ഫ്രം നൈജീരിയ ഫെയിം നൗഫലാണ് എഡിറ്റിംഗും സ്റ്റെഫി സേവ്യർ വസ്ത്രാലങ്കാരവും  ആർട്ട് സുഭാഷ് കരുണും രഞ്ജിത് ആർ മേക്കപ്പും നിർവഹിച്ചിരിക്കുന്നു. ആർട്ട് : സുബാഷ് കരുൺ, ചീഫ് അസ്സോസിയേറ്റ് : സുനിൽ കര്യാട്ടുകര, ലിറിക്സ് : അൻവർ അലി, ഷറഫു, പ്രൊജക്റ്റ് ഡിസൈനർ : ഹാരിസ് ദേശം, പ്രൊഡക്ഷൻ കൺട്രോളർ: റിന്നി ദിവാകർ, അസ്സോസിയേറ്റ് ഡയറക്ടർ :സിഫാസ് അഷ്‌റഫ്, സേതുനാഥ് പദ്മകുമാർ, സുമേഷ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് : വിനോഷ് കൈമൾ,  വി.എഫ്.എക്സ് ആൻഡ് ടൈറ്റിൽ : സഞ്ജു ടോം ജോർജ്, സ്റ്റിൽസ് : റിഷാദ് മുഹമ്മദ് ,ഡിസൈൻ : ഓൾഡ് മങ്ക്സ്, പി ആർ ഓ: പ്രതീഷ് ശേഖർ.

